# NERVEEDHI

Volume - 14, Issue - 9, 10th September 2025, Monthly, Price ₹ 25, Published at Kottayam

വാല്യം – 14, ലക്കം – 9, സെപ്തംബർ 2025 – പ്രതിമാസം – വില ₹ 25 – പ്രസിദ്ധീകരണം : കോട്ടയം


# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി

## വളർച്ചയെ തടയുന്ന ചൂടും പാറയും

പേജ് 19



# നിസ്വാർത്ഥ ജീവിതം അനിവാര്യം

'യെഹൂദനായ മൊർദ്ദെഖായി അഹശ്വേരോശ് രാജാവിന്റെ രണ്ടാമനും യെഹൂദന്മാരിൽ വെച്ചു മഹാനും, സഹോദരസംഘത്തിന്നു ഇഷ്ടനും, സ്വജനത്തിനു ഗുണകാംക്ഷിയും, തന്റെ സർവ്വവംശത്തിന്നും അനുകൂലവാദിയും ആയിരുന്നു' എന്ന് എസ്ഥേറിന്റെ പുസ്തകത്തിലെ അവസാന വാക്യത്തിൽ കാണുന്നു. രാജ്ഞിയായ എസ്ഥേറിനെയും പ്രേരിപ്പിച്ച് മൊർദ്ദെഖായിയുടെ നേതൃത്വത്തിൽ നടന്ന മൂന്നു ദിവസത്തെ ഉപവാസവും അനുബന്ധ സംഭവങ്ങളും രാജാവിന് അനിഷ്ടമായിരുന്നെങ്കിൽ തന്റെയും സ്വജനത്തിന്റെയും അവസ്ഥ അതിദയനീയമാകുമായിരുന്നു. എങ്കിലും സമ്പൂർണ്ണമായി ദൈവത്തിലാശ്രയിച്ചുകൊണ്ട്, ജീവൻ പണയപ്പെടുത്തി ജനത്തിന് വേണ്ടി താൻ ചെയ്ത പ്രവൃത്തികളാണ് തന്നെ സഹോദരസംഘത്തിനു ഇഷ്ടനും സ്വജനത്തിന്നു ഗുണകാംക്ഷിയും തന്റെ സർവ്വവംശത്തിന്നും അനുകൂലവാദിയും എന്ന് തെളിയിച്ചത്. തന്നെ നിർദ്ദയം ദ്രോഹിച്ച സഹോദരന്മാരെ പരിപാലിക്കുകയും അവർക്കു നന്മ ചെയ്യുകയും ചെയ്തു കൊണ്ടാണ് അവരുടെ ഗുണകാംക്ഷി എന്ന് യോസഫ് തെളിയിച്ചത്.

സ്വന്തജീവിതത്തിൽ മാത്രം ശ്രദ്ധകേന്ദ്രീകരിക്കാതെ അന്യരുടെ ജീവിതത്തിലും നാം ശ്രദ്ധയുള്ളവരാകണം. മറ്റുള്ളവർക്കുവേണ്ടി എന്തുചെയ്താലും കർത്താവിനെന്നതു പോലെ സന്തോഷത്തോടും നിസ്വാർത്ഥതയോടും ആയിരിക്കണം. ക്രിസ്തു എല്ലാ കാര്യത്തിലും ദൈവത്തിനു തുല്യനാണ്. എന്നാൽ ദൈവത്തിനു തുല്യമായ രീതിയിൽ തന്റെ ജീവിതവും നിലനിർത്തണമെന്ന് ക്രിസ്തു ചിന്തിച്ചില്ല. അവിടുന്ന് ദൈവത്തോടു കൂടെയുള്ള സ്ഥാനം ഉപേക്ഷിച്ചു, മനുഷ്യനായി പിറന്ന് ശുശ്രൂഷയിൽ ദാസനെപ്പോലെയായി. പാപത്തിലാണ്ടു കിടന്ന മാനവകുലത്തെ രക്ഷിക്കുന്നതിന് വേണ്ടി കുരിശിൽ മരിച്ചു. കാൽവറി ക്രൂശിൽ തകർക്കപ്പെടുവാനുള്ള ത്യാഗം സ്വമനസ്സാലെ ഏറ്റെടുത്തുകൊണ്ട് രക്ഷിക്കപ്പെടുന്ന ഓരോരുത്തർക്കും താൻ രക്ഷകനും വീണ്ടെടുപ്പുകാരനും എന്ന് വെളിപ്പെടുത്തി.

പാപാന്ധകാരത്തിൽ ജീവിക്കുന്ന നമ്മുടെ ബന്ധുക്കളെയും ചാർച്ചക്കാരെയും സഹപ്രവർത്തകരെയും 'ഇത്ര വലിയ രക്ഷ'യിലേക്കു നയിക്കുക എന്ന വലിയ പ്രബോധനത്തിനാണ് ഈ ലക്കത്തിലെ സന്ദേശം ഊന്നൽ കൊടുക്കുന്നത്. ക്രിസ്തു സ്വർഗ്ഗീയ മഹിമകൾ സകലതും ത്യജിച്ച് സമാനതകളില്ലാത്ത നിസ്വാർത്ഥവും ത്യാഗപൂർണ്ണവുമായ ജീവിതം നയിച്ചു. ആകയാൽ നാമും അതേ നിസ്വാർത്ഥത അനുവർത്തിച്ച് മറ്റുള്ളവരെ നിത്യജീവനിലേക്കു നയിക്കേണ്ടവരാണ്. നിസ്വാർത്ഥ ജീവിതം അതിനു അനിവാര്യമാണ്.

ഈ ലക്കത്തിലെ എല്ലാ ലേഖനങ്ങളും നിത്യതയിലേക്കുള്ള പ്രയാണത്തിൽ നമ്മെ പ്രോത്സാഹിപ്പിക്കുന്നതും പ്രബോധിപ്പിക്കുന്നതുമാണ്. എല്ലാ വായനക്കാർക്കും ഏറെ പ്രയോജനകരമാകട്ടെ എന്ന പ്രാർത്ഥനയോടുകൂടെ മാസിക സമർപ്പിച്ചുകൊള്ളുന്നു.

പുസ്തകം 14 ലക്കം 9
സെപ്തംബർ 2025

# ഈ ലക്കത്തിൽ

**മറ്റുള്ളവരുടെ ഗുണകാംക്ഷികൾ** 4
ജോയ് എം. തോമസ്

**പ്രാർത്ഥന അനിവാര്യമാണ്, പ്രഘോഷണവും...** 7
സാജു മാത്യു

**നിത്യയാഗത്തിലേക്കുള്ള ചൂണ്ടുപലകകൾ** 9
ചെയ്സ് ജോസഫ്

**നാം ആരായിത്തീരും...?** 11
ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

**സുവിശേഷത്തിന്റെ ജ്വലിക്കുന്ന നാളങ്ങളാകാം** 14
ജോർജ് മാത്യു, പുതുപ്പള്ളി

**കൗൺസലിംഗ് വീഥി** 16
ഡോ. സുജിത്ത് സൈമൺ

**വളർച്ചയെ തടയുന്ന ചൂടും പാറയും** 19
വാച്ച്മാൻ നീ

**വനിതാ വീഥി** 22
സുജ വിനു

**വിജ്ഞാന വീഥി** 24

**വേദ അധ്യയനം** 25
ജോയ് എം. തോമസ്

**വാർത്താവീഥി** 30

**സമാപ്തിക്കുറിപ്പ്** 31
എംസി

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building, Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription 250.00
Cover : Google Photos



ജോയ് എം തോമസ്

# മറ്റുള്ളവരുടെ ഗുണകാംക്ഷികൾ

**ദൈ**വസ്നേഹത്തിൽ ഊന്നിയുള്ള ജീവിതമാണല്ലോ ക്രിസ്തീയ ജീവിതം. അധികമധികമായി ദൈവസ്നേഹം നാം പ്രാപിക്കുകയും അനുഭവിക്കുകയും ചെയ്തുകൊണ്ട്, മറ്റുള്ളവരിലേക്ക് പകരുവാൻ കഴിയുന്നുവോ എന്നതാണ് നമ്മുടെ ക്രിസ്തീയ ജീവിതത്തിന്റെ വിജയം നിശ്ചയിക്കുന്നത്. നമ്മുടെ ഹൃദയത്തിൽ നിന്നും ഒരു നീരുറവസമാനം കവിഞ്ഞൊഴുകുന്ന ദൈവസ്നേഹം, അതായത് ക്രിസ്തുവിൽ നിന്ന് നമ്മിലേക്ക് ഒഴുകി വന്ന സ്നേഹത്തിന്റെ ആ പ്രവാഹം, നമ്മിൽ നിന്നും മറ്റുള്ളവരിലേക്ക് കവിഞ്ഞൊഴുകുന്ന അനുഭവമായി പരിണമിക്കുന്നു എങ്കിൽ മാത്രമേ മറ്റുള്ളവരുടെ ഗുണം അന്വേഷിക്കുന്നവരാകുവാൻ നമുക്ക് കഴിയുകയുള്ളൂ. ദൈവസ്നേഹം നമ്മെ സ്വാർത്ഥതയുടെ തടവറയിൽ നിന്നും മോചിപ്പിച്ച് മറ്റുള്ളവരെക്കുറിച്ചുള്ള പരിഗണനാമനോഭാവം ഉള്ളവരാക്കിത്തീർക്കുന്നു. ഇത് ഓരോ ആത്മീയന്റെയും ജീവിതാനുഭവമാണ്.

അപ്പൊസ്തലനായ പൗലോസിലൂടെ നൽകിയിരിക്കുന്ന പ്രബോധനം ശ്രദ്ധിക്കുക: 'ഓരോരുത്തൻ സ്വന്തം ഗുണമല്ല മറ്റുള്ളവരുടെ ഗുണം അന്വേഷിക്കട്ടെ' (1 കൊരിന്ത്യർ 10 : 24). നാം മറ്റുള്ളവരുടെ ഗുണകാംക്ഷികൾ ആയിരിക്കുവാനാണ് നമുക്കുള്ള പ്രബോധനം. ഇത് എത്രത്തോളം പ്രാവർത്തികമാക്കുവാൻ നമുക്ക് കഴിയും എന്നാണ് നാം വളരെ ഗൗരവമായി ചിന്തിക്കേണ്ടത്. സ്വാഭാവികമായി സ്വന്തഗുണം മാത്രം നോക്കുന്ന സ്വഭാവക്കാരാണ് നാം എല്ലാവരും. എന്നാൽ മറ്റുള്ളവരുടെ ഗുണം നോക്കുന്നവരായി നാം രൂപാന്തരപ്പെടേണ്ടിയിരിക്കുന്നു.

മറ്റുള്ളവരുടെ ഗുണം അന്വേഷിക്കണം എന്ന് പറയുന്നതിൽ മുഖ്യവിഷയം അവരുടെ ആത്മരക്ഷയാണ് എന്നത് പൗലോസിന്റെ വാക്കുകൾ വ്യക്തമാക്കിയിരിക്കുന്നു. 'ഞാനും എന്റെ ഗുണമല്ല പലർ രക്ഷിക്കപ്പെടേണ്ടതിന് അവരുടെ ഗുണം തന്നെ അന്വേഷിച്ചുകൊണ്ട് എല്ലാവരെയും എല്ലാംകൊണ്ടും പ്രസാദിപ്പിക്കുന്നുവല്ലോ (1 കൊരിന്ത്യർ 10:33).

**നാം മറ്റുള്ളവരുടെ ഗുണകാംക്ഷികൾ ആയിരിക്കുവാനാണ് നമുക്കുള്ള പ്രബോധനം. ഇത് എത്രത്തോളം പ്രാവർത്തികമാക്കുവാൻ നമുക്ക് കഴിയും? സ്വാഭാവികമായി സ്വന്തഗുണം മാത്രം നോക്കുന്ന സ്വഭാവക്കാരാണ് നാം എല്ലാവരും. എന്നാൽ മറ്റുള്ളവരുടെ ഗുണം നോക്കുന്നവരായി നാം രൂപാന്തരപ്പെടേണ്ടിയിരിക്കുന്നു.**

ഒരു വ്യക്തിയെ ക്രിസ്തുവിലേയ്ക്ക് നയിക്കുവാൻ കഴിയുന്നു എങ്കിൽ ആ വ്യക്തിക്കായി ചെയ്യുവാൻ കഴിയുന്ന ഏറ്റവും വലിയ കാര്യം അതു തന്നെ ആയിരിക്കും. മറ്റുള്ളവരെ ക്രിസ്തുവിലേയ്ക്ക് നയിക്കുക എന്നത് വീണ്ടുംജനനം പ്രാപിച്ച ഓരോരുത്തരുടെയും ജീവിതോദ്ദേശ്യമാണ്. അതിനായി ക്രിസ്തുവിന്റെ സ്നേഹത്തിൽ എല്ലാവരോടും ഇടപെടുവാനും സഹകരിക്കുവാനും നമുക്ക് കഴിയണം. ഊഷ്മളതയുള്ള ബന്ധങ്ങളിലൂടെയാണ് ക്രിസ്തുവിലേക്ക് മറ്റുള്ളവരെ നയിക്കുവാൻ നമുക്ക് കഴിയുന്നത്.

**മറ്റുള്ളവരെ ക്രിസ്തുവിലേക്ക് നയിക്കുക എന്നത് വീണ്ടും ജനനം പ്രാപിച്ച ഓരോരുത്തരുടെയും ജീവിതോദ്ദേശ്യമാണ്. അതിനായി ക്രിസ്തുവിന്റെ സ്നേഹത്തിൽ എല്ലാവരോടും ഇടപെടുവാനും സഹകരിക്കുവാനും നമുക്ക് കഴിയണം. ഊഷ്മളതയുള്ള ബന്ധങ്ങളിലൂടെയാണ് ക്രിസ്തുവിലേക്ക് മറ്റുള്ളവരെ നയിക്കുവാൻ നമുക്ക് കഴിയുന്നത്.**

മറ്റൊരാളെ ക്രിസ്തുവിലേയ്ക്ക് നയിക്കണം എന്ന ചിന്ത സ്വാർത്ഥതയിൽ നിന്നല്ല, പ്രത്യുത, നിസ്വാർത്ഥതയിൽ നിന്ന് ഉളവാകുന്നതാണ്. നരകാഗ്നിയിൽ വീണു നശിക്കരുത് എന്ന ആത്മഭാരത്തിൽ നിന്നാണ്. ദൈവസ്നേഹം ഹൃദയത്തിൽ നിറഞ്ഞാൽ മാത്രമേ ആത്മഭാരം നമ്മിൽ ഉണ്ടാവുകയുള്ളൂ. ആത്മഭാരമുള്ളവർ മറ്റുള്ളവരുടെ ഗുണകാംക്ഷികൾ ആണ്. ആത്മഭാരത്താൽ നിറഞ്ഞവനായ പൗലോസ് തന്റെ ഗുണമല്ല അന്വേഷിച്ചത്. മറിച്ച് പലർ രക്ഷിക്കപ്പെടേണ്ടതിന് അവരുടെ ഗുണം അന്വേഷിച്ചുകൊണ്ട് എല്ലാവരെയും എല്ലാം കൊണ്ടും പ്രസാദിപ്പിക്കുന്ന ജീവിതശൈലിയാണ് സ്വീകരിച്ചത്. വാസ്തവത്തിൽ പൗലോസ് ക്രിസ്തുവിനെ അനുകരിക്കുകയാണ് ചെയ്തത്.

ക്രിസ്തുവിന്റെ മാതൃക ചൂണ്ടിക്കാട്ടി പൗലോസ് വിശ്വാസികളെ പ്രബോധിപ്പിക്കുന്നു: 'എന്നാൽ ശക്തരായ നാം അശക്തരുടെ ബലഹീനതകളെ ചുമക്കുകയും നമ്മിൽത്തന്നെ പ്രസാദിക്കാതിരിക്കുകയും വേണം. നമ്മിൽ ഓരോരുത്തൻ കൂട്ടുകാരനെ നന്മയ്ക്കായിട്ട് ആത്മീയവർദ്ധനയ്ക്കുവേണ്ടി പ്രസാദിപ്പിക്കണം. നിന്നെ നിന്ദിക്കുന്നവരുടെ നിന്ദ എന്റെ മേൽ വീണു എന്ന് എഴുതിയിരിക്കുന്നതുപോലെ ക്രിസ്തുവും തന്നിൽത്തന്നെ പ്രസാദിച്ചില്ല' (റോമർ 15:13)

നമ്മിൽത്തന്നെ പ്രസാദിക്കുക എന്നതല്ല, മറിച്ച് സ്വയം സംപ്രീതനാകാതിരിക്കുക എന്നതാണ് നമ്മിൽ രൂപപ്പെടുത്തേണ്ട മനോഭാവം. എപ്പോഴും നമ്മുടെ സന്തോഷമാണല്ലോ നമുക്ക് ഏറ്റവും വലുത്. എന്നാൽ ക്രിസ്തുവിനോട് കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്ന ബോധ്യം ഉള്ളവർക്ക്, അതായത് ദിനംതോറും തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്ത് ക്രിസ്തുവിനെ അനുഗമിക്കുന്നവർക്ക്, അവരിൽ രൂപപ്പെട്ടു വരുന്ന മനോഭാവമാണ് തന്നിൽതന്നെ പ്രസാദിക്കാതിരിക്കുക എന്നത്. നമ്മുടെ സന്തോഷത്തേക്കാൾ വലുത് കർത്താവിന്റെ സന്തോഷമാണ്. അവിടുത്തെ ഇഷ്ടം ചെയ്യുമ്പോഴാണല്ലോ കർത്താവു സന്തോഷിക്കുന്നത്. സകലരുടെയും രക്ഷയ്ക്കു വേണ്ടി സ്വയം മറുവിലയായി അർപ്പിച്ച കർത്താവ്, താൻ ദാനമായി കൊടുക്കുന്നരക്ഷ എല്ലാവരും സ്വീകരിച്ച്നാശത്തിൽ നിന്നും വിടുതൽ പ്രാപിക്കണം എന്ന് ആഗ്രഹിക്കുന്നു. അതുകൊണ്ട് ഒരുവ്യക്തിയെ കർത്താവിലേയ്ക്ക് നയിക്കുവാൻ കഴിയുന്നവരിൽ കർത്താവ് സന്തോഷിക്കുന്നു. കർത്താവിങ്കലേയ്ക്ക് മറ്റുള്ളവരെ നയിക്കുവാൻ കഴിയുന്നത് മറ്റുള്ളവരുടെ ഗുണകാംക്ഷിയായിത്തീരുന്നവർക്കാണ്. മറ്റുള്ളവരെക്കുറിച്ച് ആത്മഭാരമുള്ളവരായി, അവർക്കായി പ്രാർത്ഥിക്കുകയും, സമയം ചെലവഴിക്കുകയും, അവരോട് നല്ല ബന്ധം സൂക്ഷിക്കുവാൻ കഴിയുകയും ചെയ്യുക എന്നത് ഇവിടെ വലിയ പ്രാധാന്യം അർഹിക്കുന്ന കാര്യമാണ്.

ക്രിസ്തു, ജഡാവതാരം എടുത്ത് ഈ ഭൂമിയിൽ ജീവിച്ചത് നമുക്കായി മാത്രം ആയിരുന്നല്ലോ. അതായത് നമ്മെ രക്ഷിക്കുക എന്നതല്ലാതെ കർത്താവ് മറ്റൊന്നും ആഗ്രഹിച്ചില്ല. പാപമില്ലാത്ത പരിശുദ്ധൻ, പാപികളുടെ ഇടയിൽ ജീവിക്കുവാൻ

**നമ്മുടെ ഗുണത്തേക്കാൾ മറ്റുള്ളവരുടെ ഗുണം അന്വേഷിക്കുന്നവരായി ത്തീരുമ്പോൾ വാസ്തവത്തിൽ നാം സ്വതന്ത്രരാവുകയാണ്. പരാതികളും പരിഭവങ്ങളും ഈർഷ്യയും അസൂയയും ഒക്കെ പടികടക്കും. നമ്മുടെ ഹൃദയം നിഷ്ക്കളങ്കതയുടെ സൗന്ദര്യം ഉള്ളതാകും.**

തന്നെത്തന്നെ ശൂന്യനാക്കി. എല്ലാ കഷ്ടതയും, നിന്ദയും, അപമാനങ്ങളും അവിടുന്ന് സഹിച്ചു. നമുക്കായി ക്രൂശിലെ ശാപമരണം ഏറ്റെടുത്തു. എല്ലാം നമുക്കായി! ഈ മനോഭാവത്തെ അനുകരിക്കുവാനാണ് നമ്മെ ഉപദേശിച്ചിരിക്കുന്നത്. നമുക്ക് അത് എത്രമാത്രം സാധ്യമാകുന്നുണ്ട് എന്ന് ചിന്തിച്ചു നോക്കുക. അപ്രകാരം ഒരു മനോഭാവം നമ്മിൽ വളരുവാൻ നാം എത്രമാത്രം നമ്മെ ത്തന്നെ ദൈവ സന്നിധിയിൽ സമർപ്പിക്കണം?

നമ്മുടെ ഗുണത്തേക്കാൾ മറ്റുള്ളവരുടെ ഗുണം അന്വേഷിക്കുന്നവരായിത്തീരുമ്പോൾ വാസ്തവത്തിൽ നാം സ്വതന്ത്രരാവുകയാണ്. പരാതികളും പരിഭവങ്ങളും ഈർഷ്യയും അസൂയയും ഒക്കെ പടികടക്കും. നമ്മുടെ ഹൃദയം നിഷ്ക്കളങ്കതയുടെ സൗന്ദര്യം ഉള്ളതാകും. 'മനുഷ്യർ നിങ്ങൾക്ക് ചെയ്യണം എന്ന് നിങ്ങൾ ഇച്ഛിക്കുന്നതൊക്കെയും നിങ്ങൾ അവർക്ക് ചെയ്യുവിൻ' എന്ന കർത്താവിന്റെ കൽപ്പന നമുക്ക് അനുവർത്തിക്കുവാൻ കഴിയും. കർത്താവിൽ സന്തോഷിക്കുന്ന ആത്മീയതയുടെ യഥാർത്ഥ അനുഭവം നാം അയവിറക്കും. ഇങ്ങനെയാണ് ആത്മീകജീവിതം വാസ്തവത്തിൽ ജീവിക്കേണ്ടത്.

സ്വർഗ്ഗത്തെയും നരകത്തെയും താരതമ്യപ്പെടുത്തിയുള്ള ഒരു സങ്കൽപ്പകഥ കേട്ടിട്ടുള്ളത് ഓർമ്മയിൽ വരുന്നു. കഥ ഇപ്രകാരമാണ്. സ്വർഗ്ഗത്തിലും നരകത്തിലും അവിടെയുള്ളവർക്കായി പായസം ഉണ്ടാക്കി. ഓരോരുത്തരുടെയും വലം കയ്യിൽ നീളമുള്ള ഒരു സ്പൂൺ കെട്ടിക്കൊടുത്തു. മുട്ടുമടക്കുവാൻ പറ്റാത്ത നിലയിലായിരുന്നു സ്പൂൺ കെട്ടിയിരുന്നത്. നരകത്തിൽ ഉള്ളവർ ഓരോരുത്തർ പായസം സ്പൂണിൽ എടുത്തു, എങ്കിലും ആർക്കും അത് അവരുടെ വായിൽ എത്തിക്കുവാൻ കഴിഞ്ഞില്ല, അതിനാൽ അവിടെ ഉന്തും തള്ളും കലഹവും ആയി. എന്നാൽ സ്വർഗ്ഗത്തിലുള്ളവരാകട്ടെ ഒരാൾ മറ്റേ ആളുടെ വായിലേക്ക് സ്പൂൺ ഉപയോഗിച്ച് പായസം ഒഴിച്ചുകൊടുത്തു. അങ്ങനെ അവർ, ഒരാൾ മറ്റൊരാളെ സഹായിച്ചതിനാൽ എല്ലാവർക്കും പായസം ആസ്വദിക്കുവാനും, ഒരുമിച്ച് സന്തോഷിക്കുവാനും കഴിഞ്ഞു. ചിന്തിക്കുക... നമ്മുടെ ജീവിതത്തെ സ്വർഗ്ഗമോ നരകമോ ആക്കുവാൻ നമ്മുടെ മനോഭാവത്തിന് കഴിയും എന്ന ഒരു വലിയ സന്ദേശം ഈ കഥയിലുണ്ട്.

എന്തുകൊണ്ടാണ് ആത്മികത ഇരുളടയുന്നത്? ധാരാളം പ്രോഗ്രാം സംഘടിപ്പിക്കുന്നുണ്ടെങ്കിലും സുവിശേഷത്തിന്റെ ശക്തി വെളിപ്പെടാത്തത് എന്തുകൊണ്ട്? സഭാജീവിതത്തിലും ആത്മീയ പ്രവർത്തനങ്ങളിലും മടുപ്പ് ഉണ്ടാകുന്നത് എന്തുകൊണ്ട്? ഓരോരുത്തരും മറ്റുള്ളവരുടെ ഗുണത്തേക്കാൾ സ്വന്തം ഗുണം നോക്കുന്നവരായിത്തീരുന്നതു കൊണ്ടല്ലേ? അതിന് നാം ആരെയും കുറ്റം പറഞ്ഞിട്ട് കാര്യമില്ല. നമ്മിൽ ഓരോരുത്തരിലും ഒരു മാറ്റം അനിവാര്യമാണ്. ആ മാറ്റം 'എന്നിലാരംഭിക്കട്ടെ' എന്ന് ഓരോരുത്തർക്കും തീരുമാനിക്കുവാനും പ്രയോഗികമാക്കുവാനും കഴിയട്ടെ.

ദൈവസ്നേഹം നമ്മുടെ ഹൃദയങ്ങളിൽ അധികമധികമായി നിറഞ്ഞാൽ മാത്രമേ നമ്മുടെ മനോഭാവത്തിന് മാറ്റം ഉണ്ടാവുകയുള്ളൂ. നമ്മുടെ ഹൃദയത്തെ കഠിനപ്പെടുത്തി പല ജഡസ്വഭാവങ്ങളും നമ്മിൽ വേരുറപ്പിച്ചിട്ടുണ്ടാകാം. ദൈവസ്നേഹം നമ്മിലേക്ക് പകരപ്പെട്ടു നമ്മുടെ ഹൃദയത്തിന് നുറുക്കം വന്നാലേ അവയെ പിഴുതെടുത്തു മാറ്റുവാൻ കഴിയൂ. ദിനംതോറും, നമുക്കായി ക്രൂശിതനായ കർത്താവിനെയും തന്റെ നമ്മോടുള്ള സ്നേഹത്തെയും ധ്യാനിച്ചാൽ നമുക്ക് മാറ്റം ഉണ്ടാകും എന്നത് തർക്കമറ്റ കാര്യമാണ്. ദൈവം തന്നെ, തന്റെ പരിശുദ്ധാത്മാവിനാൽ നമ്മെ അതിനായി സഹായിക്കട്ടെ. •



സാജു മാത്യു

# പ്രാർത്ഥന അനിവാര്യമാണ്, പ്രഘോഷണവും...

***എന്നാൽ സകല മനുഷ്യർക്കും നാം സർവ്വഭക്തിയോടും ഘനത്തോടും കൂടെ സാവധാനതയും സ്വസ്ഥതയും ഉള്ള ജീവനം കഴിക്കേണ്ടതിന് വിശേഷാൽ രാജാക്കന്മാർക്കും സകല അധികാരസ്ഥന്മാർക്കും വേണ്ടി യാചനയും പ്രാർത്ഥനയും പക്ഷവാദവും സ്തോത്രവും ചെയ്യേണം (1 തിമൊഥെയോസ് 2:1,2)***

യേശുവിന്റെ ചില വാക്കുകൾ-വേദപുസ്തകത്തിലെ ചില കല്പനകൾ-പലപ്പോഴും എന്നെ ആശയക്കുഴപ്പത്തിലാക്കിയിട്ടുണ്ട്. യേശു പറഞ്ഞു: മടുത്തുപോകാതെ 'എപ്പോഴും പ്രാർത്ഥിപ്പിൻ'! (ലൂക്കോസ് 18:1) എന്നാൽ 24 മണിക്കൂറും 366 ദിവസവും പായിട്ട് മുട്ടിന്മേൽ നിന്നു പ്രാർത്ഥിക്കാൻ നമുക്കു കഴിയുമോ? എപ്പോഴും പ്രാർഥിക്കുക എന്നാൽ എപ്പോഴും ദൈവസാന്നിധ്യത്തിൽ ദൈവ സംസർഗ്ഗത്തിൽ ദൈവത്തോടു സംസാരിച്ചുകൊണ്ടു കഴിയുകയാണ്. അത് പ്രയാസമാണെങ്കിലും അസാധ്യമല്ല എന്ന് പരിശീലിച്ചു നോക്കുമ്പോൾ നാം മനസ്സിലാക്കും!

'എപ്പോഴും പ്രാർഥിക്കുക' എന്നതുപോലെ നമ്മെ കുഴയ്ക്കുന്ന മറ്റൊരു പ്രഹേളിക (Puzzle) ആണ്, നമ്മുടെ വേദഭാഗത്തു നാം കാണുന്ന 'സകല മനുഷ്യർക്കും വേണ്ടി പ്രാർത്ഥിക്കുക'എന്ന ഉപദേശം! എന്താണ് ഈ വാക്യത്തിന്റെ അർത്ഥം? എങ്ങനെയാണ് നമുക്ക് ഈ കല്പന പ്രാവർത്തികമാക്കാൻ കഴിയുക? 'കർത്താവേ, ലോകത്തിലുള്ള സകലമനുഷ്യർക്കു വേണ്ടിയും ഞാൻ പ്രാർത്ഥിക്കുന്നു... യേശുവിന്റെ നാമത്തിൽ തന്നെ ആമേൻ!' എന്നു പറയുന്നതുകൊണ്ട് ഈ കല്പന നാം നിറവേറ്റുന്നുവോ? ഒരിക്കലുമില്ല.... 'സകലമനുഷ്യർക്കും' എന്ന ഒറ്റവാക്കിൽ പറഞ്ഞ് കാടടച്ചു വെടിവയ്ക്കുന്നത്ര ലളിതമല്ല പ്രാർത്ഥന! വാസ്തവത്തിൽ നമ്മുടെ വേദഭാഗത്തുതന്നെ അത് വ്യക്തമായി ഓർപ്പിക്കുന്നുണ്ട്. ദൈവസന്നിധിയിൽ സകല മനുഷ്യർക്കും വേണ്ടി നാം 'യാചനയും' (supplications) 'പ്രാർത്ഥനയും' (prayers) 'പക്ഷവാദവും' (intercession) സ്തോത്രവും (thanks giving) ചെയ്യണം. എന്നാണ് പൗലോസ് ആവശ്യപ്പെടുന്നത്! ഒറ്റവാക്കിൽ ഇതെല്ലാം നടക്കില്ലല്ലോ!

അല്ലെങ്കിൽതന്നെ പ്രാർത്ഥന, വാക്കുകളുടെ കളിയല്ല. അതു നമ്മുടെ ഹൃദയത്തിന്റെ നിലവിളി (heart - cry) ആണ്. അതിൽ നന്ദിപ്രകടനവും (thanksgiving) ആഹ്ലാദ പ്രകടനവും (adoration-celebration) എല്ലാമുണ്ട്! അങ്ങനെയാവുമ്പോൾ പ്രാർത്ഥനയിൽ നമ്മുടെ ഹൃദയവും ബുദ്ധിയും ആത്മാവും ദേഹിയും ഒരു പരിധിവരെ ദേഹവും എല്ലാം പ്രവർത്തന നിരതമാണ്! അതിനാൽ, 'ഉഴപ്പിത്തിരിഞ്ഞ്' ഉറക്കം തൂങ്ങി ചില വാക്കുകൾ ഉരുവിട്ടാൽ അത് പ്രാർത്ഥനയാവില്ല!

പ്രാർത്ഥനയുടെ പുഷ്പം വിരിയുന്നത് സ്നേഹത്തിന്റെ തണ്ടിന്മേലാണെന്ന് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. സ്നേഹത്തിൽ നിന്നേ പ്രാർത്ഥന ഉണ്ടാവൂ...ഉണ്ടാവാൻ പാടുള്ളൂ. ഓരോ പ്രാർഥനയും സ്നേഹത്തിന്റെ വികിരണമാണ്! ഒരോ വ്യക്തിക്കു വേണ്ടി പ്രാർ

ത്ഥിക്കുമ്പോഴും ഞാൻ ആ വ്യക്തിയെ സ്നേഹിക്കുന്നു... അങ്ങനെയെങ്കിൽ 'സകലമനുഷ്യർക്കുവേണ്ടിയും' പ്രാർത്ഥിക്കുമ്പോൾ എനിക്ക് സകല മനുഷ്യരെയും സ്നേഹിക്കാൻ കഴിയും! സകലമനുഷ്യരെയും സ്നേഹിക്കാൻ കഴിയുന്നത് എത്ര ഭാഗ്യമാണ്– അല്ലേ? നിങ്ങൾക്ക് ആരെയെങ്കിലും സ്നേഹിക്കാൻ കഴിയുന്നില്ലെങ്കിൽ അയാൾക്കു വേണ്ടി പ്രാർത്ഥിക്കാനും കഴിയില്ല! അതിനാൽ യേശുവിനോടു പറയുക യേശുവേ, എനിക്ക് സകല മനുഷ്യർക്കു വേണ്ടിയും പ്രാർത്ഥിക്കണം! അങ്ങനെയാകുമ്പോൾ നിങ്ങൾക്ക് സകല മനുഷ്യരെയും സ്നേഹിക്കാൻ കഴിയും.

നിങ്ങൾക്ക് ആരോടെങ്കിലും വിദ്വേഷമോ, പകയോ നീരസമോ ഉണ്ടെങ്കിൽ (അങ്ങനെ ഉണ്ടാകരുത്– ഉണ്ടെങ്കിൽ) അയാൾക്കുവേണ്ടി പ്രാർത്ഥിക്കാൻ പരിശ്രമിക്കുക, പെട്ടെന്നു തന്നെ അതു ബുദ്ധിമുട്ടാണെന്നു നിങ്ങൾക്കു മനസ്സിലാകും. വീണ്ടും പ്രാർത്ഥിക്കുക! താമസിയാതെ നിങ്ങൾ അയാളെ സ്നേഹിക്കാൻ തുടങ്ങും, ക്രമേണ നിങ്ങൾ അയാൾക്കുവേണ്ടി പൂർണ്ണഹൃദയത്തോടെ പ്രാർത്ഥിക്കാൻ തുടങ്ങും... എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കാൻ ഞാൻ തീരുമാനമെടുത്തിരിക്കുകയാണ്. അപ്പോൾ എനിക്ക് എല്ലാവരെയും സ്നേഹിക്കാൻ കഴിയുമല്ലോ.... എല്ലാവരെയും സ്നേഹിക്കാൻ കഴിയുന്നത് തീർച്ചയായും ഉല്ലാസകരമായ ഒരു ജീവിതമാണ്. പ്രാർത്ഥിക്കുമ്പോൾ ഞാൻ ആർക്കുവേണ്ടി പ്രാർത്ഥിക്കുന്നുവോ അവരെ സ്നേഹിക്കുന്നു എന്നതുപോലെ തന്നെ പ്രധാനമായ മറ്റൊരു കാര്യവുമുണ്ട്. പ്രാർത്ഥിക്കുമ്പോൾ ഞാൻ ദൈവത്തേയും സ്നേഹിക്കുന്നു! പ്രാർത്ഥന ദൈവത്തോടുള്ള സംസർഗ്ഗമാണ്–സംസാരമാണ്! പ്രാർത്ഥിക്കുമ്പോൾ ഞാൻ എന്റെ സ്വർഗ്ഗസ്ഥ പിതാവിനോട് സംസാരിക്കുകയാണ്!

എന്റെ മക്കൾ എന്നോടു സംസാരിക്കുമ്പോൾ അവർ അവരുടെ സ്വന്തം കാര്യം മാത്രമല്ല പറയുന്നത് അവരുടെ സ്കൂളിലെ കാര്യങ്ങൾ, ടീച്ചറിന്റെ വിശേഷങ്ങൾ, കൂട്ടുകാരുടെ കാര്യങ്ങൾ, കൂട്ടുകാരുടെ വീട്ടുവിശേഷങ്ങൾ, സ്കൂൾ ബസ്സിലെ ഡ്രൈവറുടെ വീട്ടിലെ പ്രശ്നങ്ങൾ... ഇതെല്ലാം അവർ എന്നോടു പറഞ്ഞു കൊണ്ടിരിക്കുന്നു...'സഹായിക്കണം' എന്നു പറയാൻ മാത്രമല്ല എന്റെ മക്കൾ എന്റെ അടുത്തു വരുന്നത്! അവരുടെ വ്യക്തിപരമായ കാര്യത്തിൽ മാത്രമല്ല, അവരുടെ കൂട്ടുകാരുടെ കാര്യത്തിലും 'സഹായത്തിനുള്ള അപേക്ഷ'യുമായി മാത്രമല്ല അവർ എന്നെ സമീപിക്കുന്നത്... അവർ അവരുടെ ലോകം എന്റെ മുമ്പിൽ തുറന്നു വെയ്ക്കുന്നു... അതൊരു സുഖമാണ്!

ഇതുപോലെ, പ്രാർത്ഥനയിൽ ഞാൻ യേശുവിന്റെ മുമ്പിൽ എന്റെ ലോകം തുറന്നു വെയ്ക്കുന്നു– എന്റെ ലോകം മുഴുവൻ! എന്റെ കാര്യങ്ങൾ മാത്രമല്ല, എന്റെ ലോകത്തിലെ സകലരുടെയും കാര്യങ്ങൾ... ഞാൻ കാണുന്ന കാഴ്ചകളും കേൾക്കുന്ന കേൾവികളുമൊക്കെ ഞാൻ യേശുവിന്റെ മുമ്പിൽ തുറന്നു വെയ്ക്കുന്നു... അവൻ എന്നോട് എന്റെ കൂട്ടുകാരുടെ വിശേഷങ്ങൾ ചോദിക്കുന്നു...അവനറിയാഞ്ഞിട്ടല്ല! അവന് എല്ലാംഅറിയാം. അവൻ സകല ചരാചരങ്ങളെയും സൃഷ്ടിച്ചവനാണ്, അഖിലാണ്ഡത്തിലെ സകല ഗോളങ്ങളെയും നിയന്ത്രിക്കുന്നവനാണ്. കോടാനുകോടി ദൂതസേനകൾ അവന്റെ ഒരു വാക്കുകേൾക്കാൻ കൊതിയോടെ കാത്തിരിപ്പുണ്ട്... അവനറിയാതെ ഒരു പുൽക്കൊടി പോലും ചലിക്കില്ല, അവൻ ഹൃദയങ്ങളെയും അന്തരേന്ദ്രിയങ്ങളെയും ശോധന ചെയ്യുന്നവനാണ്...ഒന്നും അവന് മറവായിരിക്കുന്നില്ല... എന്നിട്ടും എന്റെ ചപല ശബ്ദങ്ങൾക്ക് അവൻ കാതോർക്കുന്നു. ഞാൻ ഓരോന്നും പറഞ്ഞു നിർത്തുമ്പോഴും ഉദ്വേഗമുണർത്തുന്ന ഒരു കഥയുടെ ബാക്കി കേൾക്കാനെന്നപോലെ ആകാംക്ഷയോടെ അവൻ ചോദിക്കുന്നു 'എന്നിട്ട്, എന്നിട്ട്'... അവന് ലോകത്തിൽ ഞാൻ മാത്രമെയുള്ളു എന്നതു പോലെ ഒട്ടും തിരക്കുകൂടാതെ അവൻ എന്റെ ചലപില വർത്തമാനത്തിനും കാതോർക്കുന്നു! ഇത്ര വലിയവനായിരുന്നിട്ടും എന്റെ കുഞ്ഞുലോകത്തിലേക്ക് ഇറങ്ങിവരാൻ അവൻ മനസ്സലിവു കാണിക്കുന്നു! എന്നോടുള്ള അവന്റെ ഈ മനസ്സലിവു തന്നെയല്ലേ സർവ്വപ്രപഞ്ചത്തിലെയും ഏറ്റവും വലിയ അത്ഭുതം?

എന്റെ ഓരോ പ്രാർത്ഥനയും കേൾക്കാൻ യേശു മനസ്സലിവു കാണിക്കുന്നുവെന്നതു തന്നെയല്ലേ എന്നെ അത്ഭുതപ്പെടുത്തുന്നത്. എന്റെ ഓരോ ചെറിയ അപേക്ഷകളും അവിടുന്ന് വളരെ ഗൗരവമായെടുക്കുന്നു. എന്റെ കാര്യങ്ങൾ മാത്രമല്ല, എന്റെ കൂട്ടുകാരുടെ ആവശ്യങ്ങൾ പോലും അവിടുന്ന് വളരെ ഗൗരവമായെടുക്കുന്നു... എന്റെ മക്കൾ അവരുടെ കൂട്ടുകാരുടെ കാര്യങ്ങൾ

ശേഷം പേജ് 28 ▶



ചെയ്സ് ജോസഫ്

# നിത്യയാഗത്തിലേക്കുള്ള ചൂണ്ടുപലകകൾ

*എബ്രായ ലേഖനം 10: 5 - 7 വരെയുള്ള വേദഭാഗങ്ങളിൽ ‘ആകയാൽ ലോകത്തിൽ വരുമ്പോൾ ഹനനയാഗവും വഴിപാടും നീ ഇച്ഛിച്ചില്ല; എന്നാൽ ഒരു ശരീരം നീ എനിക്ക് ഒരുക്കിയിരിക്കുന്നു. സർവാംഗഹോമങ്ങളിലും പാപയാഗങ്ങളിലും നീ പ്രസാദിച്ചില്ല. അപ്പോൾ ഞാൻ പറഞ്ഞു: ഇതാ, ഞാൻ വരുന്നു; പുസ്തകച്ചുരുളിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു; ദൈവമേ, നിന്റെ ഇഷ്ടം ചെയ്‌വാൻ ഞാൻ വരുന്നു എന്ന് അവൻ പറയുന്നു’.* ഈ വാക്യങ്ങളിൽ നാം കാണുന്നത് പഴയനിയമ യാഗങ്ങളുടെ അർത്ഥശൂന്യതയാണ്. പഴയനിയമ യാഗങ്ങൾ ഒരിക്കലും ദൈവത്തിന്റെ നീതിയെ നിവർത്തിക്കുകയോ പാപങ്ങൾക്ക് സ്ഥിരമായ ഒരു പരിഹാരം വരുത്തുകയോ ചെയ്തില്ല. അതുകൊണ്ട് യാഗങ്ങൾ ദൈവത്തിന് പ്രസാദമായില്ല. ഒരുപക്ഷേ നാം ചോദിച്ചേക്കാം, ദൈവം തന്നെയല്ലേ ഈ യാഗങ്ങളെ നിയമിച്ചത്? ന്യായപ്രമാണത്തെ നൽകിയതും ദൈവം തന്നെയാണല്ലോ. പിന്നെ എന്തുകൊണ്ടാണ് ദൈവം ഇവയിൽ പ്രസാദിക്കാതിരുന്നത്? അതിന്റെ കാരണം പാപികളായ മനുഷ്യർ പാപികളായ മനുഷ്യർക്ക് വേണ്ടി യാഗം കഴിക്കുമ്പോൾ അതിൽ പൂർണ്ണത ഉണ്ടായിരുന്നില്ല. എന്നുമാത്രമല്ല നിത്യമായ ഒരു നീതിയെ ഉളവാക്കുവാനും അതിന് കഴിഞ്ഞിരുന്നില്ല. യാഗം കഴിക്കുക, വീണ്ടും പാപം ചെയ്യുക, വീണ്ടും യാഗം കഴിക്കുക എന്നിങ്ങനെ ഫലമില്ലാതെ ആവർത്തിച്ചു പോരുന്ന മത വ്യായാമങ്ങൾ മാത്രമായി ഈ കർമ്മങ്ങളെല്ലാം അവസാനിച്ചു എന്നാണ് അഞ്ചാം വാക്യവും ഏഴാം വാക്യവും വായിക്കുമ്പോൾ നമുക്ക് മനസ്സിലാകുന്നത്. നിഴലായ ഈ യാഗങ്ങളെല്ലാം പൊരുളായ, ക്രിസ്തുവിന്റെ ഒരിക്കലായ പാപപരിഹാര യാഗത്തിലേക്കുള്ള ചൂണ്ടുപലകകൾ മാത്രമായിരുന്നു.

ഈ യാഗങ്ങളിൽ ദൈവത്തിന്റെ പ്രസാദം ഇല്ലാത്തതുകൊണ്ട് മുൻകൂട്ടി തിരുവെഴുത്തിൽ ഒരു പരിഹാരമാർഗ്ഗം രേഖപ്പെടുത്തിയിരുന്നു. അതുകൊണ്ട് കർത്താവ് പറയുന്നു: ‘പുസ്തക ചുരുളുകളിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു. ദൈവത്തിന്റെ ഇഷ്ടം നിവർത്തിക്കുവാൻ ഞാൻ ഇതാ വരുന്നു’. വേദപുസ്തകത്തിൽ നാം കാണുന്ന പാപത്തിനുള്ള ആദ്യത്തെ പരിഹാരം മനുഷ്യൻ അർപ്പിക്കുന്ന യാഗങ്ങൾ ആയിരുന്നു. എങ്കിലും അവ പരാജയപ്പെട്ടു എന്നതിന്റെ അടിസ്ഥാനത്തിൽ രണ്ടാമത്തേതിനെ ദൈവം സ്ഥാപിച്ചു. ഇവിടെ നാം മനസ്സിലാക്കേണ്ട ഒരു പ്രധാനപ്പെട്ട കാര്യം, യേശുക്രിസ്തുവിന്റെ യാഗം രണ്ടാമത് വന്നത് ആണെങ്കി

ലും അത് സകലത്തിനും മുമ്പേ മുന്നൊരുക്കപ്പെട്ടിരുന്ന നിത്യമായ യാഗം ആയിരുന്നു. മതങ്ങൾക്കോ തത്വചിന്തകൾക്കോ നീതി മാർഗ്ഗങ്ങൾക്കോ പ്രായശ്ചിത്ത കർമ്മങ്ങൾക്കോ ഒരിക്കൽ പോലും ദൈവത്തെ പ്രസാദിപ്പിക്കാൻ സാധിക്കുകയില്ല എന്ന് ഈ വേദഭാഗം അസന്നിഗ്ദ്ധമായി നമ്മോട് സംസാരിക്കുന്നു.

ന്യായപ്രമാണം സകല മനുഷ്യരിലും ശിക്ഷാവിധിയെക്കുറിച്ചുള്ള ഭയമാണ് ഉളവാക്കിയത്. പാപത്തിൽ നിന്ന് രക്ഷപ്പെടാനുള്ള യഥാർത്ഥ ആഗ്രഹം അല്ല, ഭയം കാരണം പാപത്തിൽ നിന്ന് മാറി നിന്നേക്കാം എന്ന യുക്തിയാണ് പഴയനിയമം അനുഷ്ഠിക്കുന്നവരുടെ മനസ്സിൽ ഉണ്ടായിരുന്നത്. ഇന്നും നാം ചുറ്റും നോക്കുമ്പോൾ കാണുന്നത് ഭയം കൊണ്ടുമാത്രം നീതിമാന്മാർ ആകാൻ നിർബന്ധിക്കപ്പെടുന്ന അനേകരെയാണ്. നരകത്തെക്കുറിച്ചോ ശിക്ഷിക്കുന്ന ഭയങ്കരനായ ദൈവത്തെക്കുറിച്ചോ അവരെ എപ്പോഴും ഓർമ്മിപ്പിച്ചില്ലെങ്കിൽ അവർ വീണ്ടും പാപത്തിലേക്ക് വീഴുന്നതായി കാണാം. പാപത്തിൽ നിന്ന് രക്ഷപ്പെടുവാനുള്ള ഒരു മനുഷ്യന്റെ ആഗ്രഹം എല്ലായ്പ്പോഴും ശിക്ഷയെ ഭയപ്പെടുന്നതുകൊണ്ടാണ്, അല്ലാതെ നീതിയെ സ്നേഹിച്ചതുകൊണ്ടല്ല.

അതുകൊണ്ട് പാപങ്ങൾ ആവർത്തിക്കപ്പെടുന്നതു പോലെ തന്നെ യാഗങ്ങളും ആവർത്തിക്കപ്പെടുന്നു. പഴയ നിയമ യാഗങ്ങൾക്കോ പുതിയ നിയമ കാലത്ത് പല സഭകളും അനുഷ്ഠിച്ചു പോരുന്ന ആവർത്തിക്കപ്പെടുന്ന യാഗങ്ങൾക്കോ അവസാനം ഇല്ല. കാരണം അത് ഒരു പാപാവസ്ഥയെയും പരിഹരിക്കുകയോ നല്ല മനസ്സാക്ഷി നമുക്ക് നൽകുകയോ ചെയ്യുന്നില്ല. നല്ല മനസ്സാക്ഷി നമുക്ക് ലഭിക്കുന്നില്ലെങ്കിൽ എത്ര വലിയ യാഗം കഴിച്ചിട്ടും എന്തു പ്രയോജനം?

പാപത്തിൽ ബന്ധിതരായ മനുഷ്യർക്ക് നല്ല മനസ്സാക്ഷി ലഭിക്കുന്നതിന് ഇതിലും ശ്രേഷ്ഠമായ യാഗങ്ങൾ ആവശ്യമായിരുന്നു. അതുകൊണ്ടാണ് പ്രവചന വാക്യങ്ങൾ അടങ്ങിയ പുസ്തകങ്ങളിൽ, വരാനിരിക്കുന്ന ശ്രേഷ്ഠമായ യാഗത്തെക്കുറിച്ചുള്ള പ്രവചനങ്ങൾ ഉൾക്കൊള്ളിച്ചത്. എബ്രായ ലേഖനം 10:9 ൽ ഇങ്ങനെ കാണുന്നു: 'ഇതാ, ഞാൻ നിന്റെ ഇഷ്ടം ചെയ്‌വാൻ വരുന്നു എന്നു പറഞ്ഞുകൊണ്ട് അവൻ രണ്ടാമത്തേതിനെ സ്ഥാപിപ്പാൻ ഒന്നാമത്തേതിനെ നീക്കിക്കളയുന്നു'. ഇവിടെ നാം ശ്രദ്ധയോടെ ഉൾക്കൊള്ളേണ്ട ഒരു പ്രധാനപ്പെട്ട കാര്യം, രണ്ടാമത്തേതിനെ സ്ഥാപിക്കേണ്ടതിന് ദൈവം ഒന്നാമത്തതിനെ അതായത് അപൂർണ്ണമായതിനെ നീക്കിക്കളഞ്ഞു എന്നുള്ളതാണ്. ഈ സത്യമാണ് ഒമ്പതാം വാക്യത്തിൽ കാണുന്നത്. അതിനർത്ഥം, മനുഷ്യരുടെ രക്ഷയുടെ കാര്യം പരാമർശിക്കുമ്പോൾ പഴയനിയമത്തിലായാലും പുതിയനിയമത്തിലായാലും ദൈവത്തിന് ഒരു പദ്ധതി മാത്രമേയുള്ളൂ. രണ്ടു പദ്ധതികൾ ഒരേസമയം നിലനിൽക്കുന്നില്ല. രണ്ടാമത്തതിനെ സ്ഥാപിച്ചപ്പോൾ ഒന്നാമത്തേതിനെ എന്നെന്നേയ്ക്കുമായി നീക്കിക്കളഞ്ഞു. ഇക്കാലത്ത് കൾട്ട് ഉപദേഷ്ടാക്കന്മാർ (hyper-grace and hyper-dispensationalist) പഠിപ്പിക്കുന്നതുപോലെ യഹൂദന്മാർക്ക് വേണ്ടി ഒരു പദ്ധതിയും മറ്റുള്ളവർക്ക് വേണ്ടി മറ്റൊരു പദ്ധതിയും ദൈവം ഒരുക്കി വയ്ക്കുന്നില്ല. ദൈവത്തിന്റെ പക്കൽ മുഖപക്ഷം ഇല്ല. യഹൂദനായാലും യഹൂദേതരനായാലും ഇന്ത്യക്കാരനായാലും യേശുക്രിസ്തുവിലൂടെ സ്ഥാപിക്കപ്പെട്ട ഈ രണ്ടാമത്തെ പ്രമാണം അല്ലാതെ പിതാവിന്റെ അടുക്കൽ എത്തുവാൻ വേറെ ഒരു വഴിയുമില്ല.

**ദൈവത്തിന്റെ പക്കൽ മുഖപക്ഷം ഇല്ല. യഹൂദനായാലും യഹൂദേതരനായാലും ഇന്ത്യക്കാരനായാലും യേശുക്രിസ്തുവിലൂടെ സ്ഥാപിക്കപ്പെട്ട ഈ രണ്ടാമത്തെ പ്രമാണം അല്ലാതെ പിതാവിന്റെ അടുക്കൽ എത്തുവാൻ വേറെ ഒരു വഴിയുമില്ല.**

എബ്രായ ലേഖനത്തിന്റെ വ്യക്തമായ സന്ദേശം, പഴയനിയമപ്രകാരം മൃഗയാഗങ്ങളിലൂടെയോ ആവർത്തിക്കപ്പെടുന്ന കർമ്മങ്ങളിലൂടെയോ ദൈവത്തിന്റെ കൃപാസനത്തിലേക്ക് എത്തുവാനുള്ള മാർഗ്ഗം എന്നെന്നേക്കുമായി അവസാനിപ്പിച്ചിരിക്കുന്നു എന്നുള്ളതാണ്. കാരണം നിലവിലിരുന്ന മാർഗ്ഗം അപര്യാപ്തവും അപൂർണ്ണവും ജീവൻ നൽകുവാൻ കഴിവില്ലാത്തതുമായിരുന്നു.

ശേഷം പേജ് 13 ▶



ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

# നാം ആരായിത്തീരും...?

***'നേരം വെളുത്തപ്പോൾ അവൻ ശിഷ്യന്മാരെ അടുക്കെ വിളിച്ചു, അവരിൽ പന്ത്രണ്ടു പേരെ തിരഞ്ഞെടുത്തു, അവർക്ക് അപ്പൊസ്തലന്മാർ എന്നും പേർ വിളിച്ചു. അവർ ആരെന്നാൽ: പത്രൊസ് എന്ന് അവൻ പേർ വിളിച്ച ശിമോൻ, അവന്റെ സഹോദരനായ അന്ത്രെയാസ്, യാക്കോബ്, യോഹന്നാൻ, ഫീലിപ്പൊസ്, ബർത്തൊലോമായി, മത്തായി, തോമാസ്, അല്ഫായിയുടെ മകനായ യാക്കോബ്, എരിവുകാരനായ ശിമോൻ,യാക്കോബിന്റെ സഹോദരനായ യൂദാ, ദ്രോഹിയായിത്തീർന്ന ഈസ്കര്യോത്ത് യൂദാ എന്നിവർ തന്നെ' ( ലൂക്കോസ് 6:13 - 16).***

ഒരു ചോദ്യത്തോടെ തുടങ്ങട്ടെ. നിങ്ങൾക്ക് സ്വയം ചോദിക്കാവുന്ന ഏറ്റവും പ്രധാനപ്പെട്ട ചോദ്യമായിരിക്കും അത്. ജീവിതത്തിൽ നിങ്ങൾ എന്തായിത്തീരും എന്നതാണ് ആ ചോദ്യം. ദ്രോഹിയായിത്തീർന്ന ഈസ്കര്യോത്ത് യൂദാ ഒരു അപ്പൊസ്തലനായിരുന്നു. ഈസ്കര്യോത്ത് യൂദായെ കള്ളനെന്നും, പിശാചെന്നും സംബോധന ചെയ്തിരിക്കുന്നു (യോഹ 6:70,71; 12:6). അവന്റെ ഹൃദയം ഒരിക്കലും ക്രിസ്തുവിനൊപ്പമായിരുന്നില്ല. സ്വന്തം കാര്യങ്ങളിൽ മാത്രം തല്പരനായിരുന്നു അയാൾ. എന്തു ഭൗതീക നേട്ടം തനിക്കുണ്ടാവുമെന്നു മാത്രമായിരുന്നു ചിന്തിച്ചിരുന്നത്. രോഗികളെ സുഖപ്പെടുത്തുന്നതിനും, മരിച്ചവരെ ഉയിർപ്പിക്കുന്നതിനും, കുഷ്ഠരോഗികളെ ശുദ്ധീകരിക്കുന്നതിനും, ഭൂതങ്ങളെ പുറത്താക്കുന്നതിനും (മത്തായി 10:8) കർത്താവ് ഉപയോഗിച്ച ഒരു മനുഷ്യൻ. യേശുവിനോടൊപ്പം വ്യക്തിപരമായി നടക്കുന്നതിന്റെ ആവേശവും സന്തോഷവും ശക്തിയും യൂദാസിന് അറിയാമായിരുന്നു. കർത്താവ് ചെയ്യുന്ന അത്ഭുതങ്ങളും, അടയാളങ്ങളും കണ്ട് നിത്യജീവമൊഴികൾ ശ്രവിക്കുവാൻ ഭാഗ്യം ലഭിച്ചവനാണ്. എന്നിട്ടും ദ്രോഹിയും ഒറ്റുകാരനുമായി അവൻ മാറിയത് എന്തുകൊണ്ട്?

യൂദായ്ക്കു ഗുരുതരമായ സ്വഭാവവൈകല്യം, ഒരു ധാർമ്മിക ബലഹീനത ഉണ്ടായിരുന്നു. ദൈവം അവനെ ഉപയോഗിച്ചിരുന്നെങ്കിലും അവൻ 'ഒരു കള്ളനായിരുന്നു' എന്ന് തിരുവെഴുത്ത് വെളിപ്പെടുത്തുന്നു. യൂദായ്ക്ക് പാവങ്ങളോട് താല്പര്യമൊന്നും ഉണ്ടായിരുന്നില്ല. ശിഷ്യസംഘത്തിന്റെ പണപ്പെട്ടി സൂക്ഷിച്ചിരുന്നത് യൂദായായിരുന്നു. ഇടയ്ക്കിടെ അവനതിൽ നിന്നും പണം മോഷ്ടിക്കുകയും ചെയ്തിരുന്നു(യോഹന്നാൻ 12:6). സർവജ്ഞാനിയായ യേശു ഒരു കള്ളന് പണപ്പെട്ടിയുടെ ചുമതല അവന്റെ സ്വഭാവം അറിഞ്ഞുകൊണ്ട് തന്നെ

ഏൽപ്പിച്ചു എന്നത് ശ്രദ്ധേയമാണ്. മറ്റുള്ളവർ അറിയാതെ ചെയ്യുന്ന പാപങ്ങൾ കർത്താവും അറിയുന്നില്ലെന്നു അനേകരും കരുതുന്നു, എന്നാൽ ആവർത്തിച്ചു പാപം ചെയ്തിട്ടും 'ദൈവത്തിന്റെ നിശബ്ദത' 'ശാസന' എന്നറിയാതെ പോവുകയാണ് മൂഢന്മാർ.

പണസഞ്ചിയിൽ നിന്നും മോഷ്ടിക്കുന്നത് തെറ്റാണെന്ന് യൂദായ്ക്ക് അറിയാമായിരുന്നു. പക്ഷേ അവനോടു ഒരിക്കൽപ്പോലും യേശു ആ കാര്യം നേരിട്ട് പറയാതിരുന്നതിനാൽ യൂദാ തന്റെ അകൃത്യത്തെ നിസ്സാരമായിക്കണ്ടു. താൻ ചെയ്യുന്ന മോഷണം പരസ്യമായി ചോദ്യം ചെയ്യപ്പെടാഞ്ഞതിനാൽ ആ പാപത്തിൽ തുടരുന്നതിനു അവനു ധൈര്യം ലഭിച്ചു. പാപത്തിൽ തുടർന്നിട്ടും തന്റെ പ്രാർത്ഥനയിൽ രോഗികൾ സൗഖ്യമാകുന്നുണ്ടല്ലോ, ശുശ്രൂഷകൾ അനേകർക്ക് പ്രയോജനപ്പെടുന്നുണ്ടല്ലോ എന്നൊക്കെ അവൻ ചിന്തിച്ചിരിക്കാം. പാപം ചെയ്യുന്നത് യേശു അറിഞ്ഞിരുന്നെങ്കിൽ യേശുകർത്താവ് അവനെ ഉപയോഗിക്കില്ലെന്ന് അവൻ ന്യായീകരിച്ചിരിക്കാം. 'എന്നെ കർത്താവേ എന്നു വിളിക്കുന്നവരെല്ലാം സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കില്ല. സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവർ മാത്രമേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കൂ. അവസാന ദിവസം പലരും എന്നോടു പറയും, കർത്താവേ, ഞങ്ങൾ നിനക്കായി പ്രസംഗിച്ചില്ലേ? നിനക്കായി ഭൂതങ്ങളെ ഒഴിപ്പിക്കുകയും നിരവധി വീര്യപ്രവർത്തികൾ പ്രവർത്തിക്കുകയും ചെയ്തില്ലേ? അപ്പോൾ അവരോടു വ്യക്തമായി പറയും. എന്റെ സമീപത്തുനിന്ന് കടന്നുപോകൂ. നിങ്ങൾ അധർമ്മം പ്രവർത്തിക്കുന്നവരാണ്. ഞാൻ നിങ്ങളെ ഒരിക്കലും അറിഞ്ഞിട്ടില്ല എന്ന യേശുവിന്റെ ജീവമൊഴികൾ കേട്ടിട്ടും യൂദായ്ക്കു എന്തു കൊണ്ട് അതൊക്കെ ഗ്രഹിക്കുവാൻ കഴിയാതെ പോയി? യൂദായെപ്പോലെ സ്വയം വഞ്ചിക്കുന്ന അനേകർ ഇന്നും ആത്മികഗോളത്തിൽ ഉണ്ടെന്നുള്ളതിന്റെ തെളിവാണിത്.

അല്പം പുളിപ്പ് മുഴുപിണ്ഡത്തെയും എത്ര മാത്രം പുളിപ്പിക്കുന്നു! ശ്രദ്ധിക്കാത്ത ചെറിയ പാപം പോലും ജീവിതത്തെ നശിപ്പിച്ച് നിത്യനരകത്തിലേക്കു നയിച്ചേക്കാം. യൂദാ ഒരു ദ്രോഹിയായി എന്ന് ബൈബിൾ പറയുന്നു. അവൻ യേശുവിനോടു കൂടെ വിശ്വസ്തനായി ശുശ്രൂഷ ആരംഭിച്ചു, എന്നാൽ പിന്നീട് അവന്റെ വഞ്ചനാപരമായ ജീവിതം വളരെ ദുഷിച്ചതും ഇരുണ്ടതുമായ ഒരു

**സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവർ മാത്രമേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കൂ. അവസാന ദിവസം പലരും എന്നോടു പറയും, കർത്താവേ, ഞങ്ങൾ നിനക്കായി പ്രസംഗിച്ചില്ലേ? നിനക്കായി ഭൂതങ്ങളെ ഒഴിപ്പിക്കുകയും നിരവധി വീര്യപ്രവർത്തികൾ പ്രവർത്തിക്കുകയും ചെയ്തില്ലേ? അപ്പോൾ അവരോടു വ്യക്തമായി പറയും. എന്റെ സമീപത്തുനിന്ന് കടന്നുപോകൂ. നിങ്ങൾ അധർമ്മം പ്രവർത്തിക്കുന്നവരാണ്. ഞാൻ നിങ്ങളെ ഒരിക്കലും അറിഞ്ഞിട്ടില്ല**

ഹൃദയത്തെ അവനിൽ ഉളവാക്കി. പാപം മറയ്ക്കുവാൻ വേണ്ടി കള്ളം പറയാൻ തുടങ്ങി. യൂദാ കള്ളനായി, ഒരു ദ്രോഹിയായി മാറി, ഒടുവിൽ സ്വന്തം ജീവൻ നഷ്ടപ്പെടുത്തി. പാപത്തോടു ഒത്തുതീർപ്പ് മനോഭാവത്തോടെയുള്ള ജീവിതം അവനെ നശിപ്പിച്ചു.

പാപത്തോടു പോരാടുന്നതിൽ നാം ജാഗ്രതയുള്ളവരല്ലെങ്കിലോ? യൂദായ്ക്കു സംഭവിച്ചത് നമുക്കും സംഭവിച്ചേക്കാം. പാപചിന്തകളെ ശരിയായി കൈകാര്യം ചെയ്യാതിരുന്നാൽ ഒരിക്കലും പ്രതീക്ഷിക്കാത്ത മറ്റൊരു വ്യക്തിത്വത്തിനുടമയായി ദാരുണമായി നിപതിച്ചേക്കാം. അതാണ് യൂദായ്ക്കു സംഭവിച്ചത്, അവൻ ഒരു ദ്രോഹിയായി മാറി. അത്ഭുതങ്ങൾ ചെയ്യുന്ന ഒരു അപ്പൊസ്തലനിൽ നിന്ന് ഇരട്ട ജീവിതം നയിക്കുന്നതിലേക്ക് യൂദാ പരിവർത്തനം ചെയ്യപ്പെട്ടു. ശ്രദ്ധിക്കാതെ വിടുന്ന, മുറുകെപ്പറ്റുന്ന പാപങ്ങൾ നമ്മെയും ജഡികമനുഷ്യരാക്കും.

പാപത്തെ നിസ്സാരമായിക്കാണുന്ന ക്രിസ്ത്യാനികളാൽ ദൈവസഭ ഏറെക്കുറെ നിറഞ്ഞിരിക്കുന്നു. ലൈംഗികമായ അസാന്മാർഗികത്വം, ശുദ്ധിയില്ലായ്മ, അപമര്യാദയായ പെരുമാറ്റം, വെറുക്കുക, പ്രശ്നങ്ങളുണ്ടാക്കുക, അസൂയാലുക്കളാകുക, കോപിഷ്ഠരാകുക, തൻകാര്യം നോക്കുന്നവരാകുക, പരസ്പരം കുഴപ്പം സൃഷ്ടിക്കുക, വിഭാഗീയത വളർത്തുക, സംസ്കാരരഹിതമായ ആഘോഷങ്ങൾ നടത്തുക, ഇതാണ് നമ്മുടെ പാപം നിറഞ്ഞ സ്വന്തയിഷ്ടത്തിൽ ചെയ്യുന്ന കാര്യങ്ങൾ. ഇക്കാര്യങ്ങൾ ചെയ്യുന്നവർ ദൈവരാജ്യത്തിൽ കാണുകയില്ല. എന്നാൽ സ്നേഹവും, ആനന്ദവും,

സമാധാനവും, ക്ഷമയും, ദയയും, നന്മയും, വിശ്വസ്തതയും, സൗമ്യതയും, ആത്മനിയന്ത്രണവുമാണ് ആത്മാവ് നൽകുന്നത്. ക്രിസ്തുയേശുവിനുള്ളവർ അവരുടെ പഴയ സ്വാർത്ഥവിചാരങ്ങളും ചെയ്യുവാനാഗ്രഹിച്ച ദുഷ്കർമ്മങ്ങളും ത്യജിച്ച് അവരുടെ പാപം നിറഞ്ഞ സ്വയത്തെ കുരിശിൽ തറച്ചു ജയാളികളാകേണ്ടതുണ്ട്.

പാപം സഭയിലേക്ക് നുഴഞ്ഞുകയറുന്നു. ജഡത്തിന്റെ പ്രവർത്തികളെ ആരും നിസ്സാരമായി തള്ളിക്കളയരുത്. വാഗ്ദത്തദേശത്ത് പ്രവേശിക്കുന്നതിൽ നിന്ന് കോപം മോശെയെ അയോഗ്യനാക്കി! ദ്രവ്യാഗ്രഹം യൂദായെ ദ്രോഹിയും ഒറ്റിക്കൊടുക്കുന്നവനുമാക്കി. മറ്റുള്ളവർ നമ്മെ എങ്ങനെ കാണുന്നു എന്നതിനേക്കാൾ നിർണായകമായ ഒരു കാര്യം, ക്രിസ്തു നമ്മെ എങ്ങനെ കാണുന്നു എന്നുള്ളതാണ്. നമ്മുടെ ഹൃദയങ്ങൾക്ക് എന്താണ് സംഭവിക്കുന്നതെന്ന് സർവ്വജ്ഞാനിയായ കർത്താവ് നിരീക്ഷിക്കുന്നു. 'ഈ ലോകത്തിലെ യാതൊന്നിനെയും ദൈവത്തിൽ നിന്ന് മറച്ചുവയ്ക്കുവാൻ പറ്റില്ല. അവന് എല്ലാം വ്യക്തമായി കാണുവാൻ സാധിക്കും. അവനു മുമ്പിൽ സകലതും തുറന്നിരിക്കുന്നു. കൂടാതെ നാം ജീവിച്ച രീതികളെക്കുറിച്ചു നാമെല്ലാം അവനോട് കണക്കു പറയേണ്ടിവരും'(എബ്രായർ 4:13). അവിടുന്ന് നമ്മോട് ഓരോരുത്തരോടും ലളിതമായ ഒരു ചോദ്യം ചോദിക്കുന്നു: നിങ്ങൾ എന്തായിത്തീരുന്നുവെന്ന് നിങ്ങൾക്കറിയാമോ?

ഇപ്പോൾ നാം ദൈവമക്കളാണ്. ഭാവിയിൽ നാം എന്തായിരിക്കും എന്ന് ഇന്നുവരെ നമ്മെ കാണിച്ചിട്ടില്ല. എന്നാൽ ക്രിസ്തു വരുമ്പോൾ നാം അവനെപ്പോലായിരിക്കും എന്ന് നാമറിയുന്നു. അവൻ യഥാർത്ഥത്തിൽ എങ്ങനെയോ അങ്ങനെ തന്നെ നാം അവനെ കാണും. ക്രിസ്തു പരിശുദ്ധനാണ്. ക്രിസ്തുവിൽ ഈ പ്രത്യാശയുള്ളവർ എല്ലാവരും ക്രിസ്തു പരിശുദ്ധനായിരിക്കുന്നതുപോലെ തങ്ങളെ തന്നെ വിശുദ്ധിയിൽ കാക്കും. അതായത് നാം എന്തായിത്തീരുന്നുവെന്നുള്ളതിന്റെ മാനദണ്ഡം പാപത്തോടുള്ള നമ്മുടെ പോരാട്ടം എപ്രകാരം ആയിരുന്നു എന്നുള്ളതിന്റെ അടിസ്ഥാനത്തിലായിരിക്കും. തങ്ങളെ തന്നെ വിശുദ്ധിയിൽ കാക്കുന്നവർ ക്രിസ്തു വരുമ്പോൾ അവനോടു സദൃശ്യന്മാരായി രൂപാന്തരപ്പെടും. •

## 10▶ നിത്യയാഗത്തിലേക്കുള്ള ചൂണ്ടുപലകകൾ

'ഇതാ ഞാൻ നിന്റെ ഇഷ്ടം ചെയ്യുവാൻ വരുന്നു' എന്നുപറഞ്ഞു കൊണ്ടാണ് രണ്ടാമത്തേതിനെ സ്ഥാപിക്കുവാൻ അവൻ ഒന്നാമത്തേതിനെ നീക്കിക്കളഞ്ഞത്. അതുകൊണ്ട് ഒന്നാമത്തെ നിയമത്തെ നീക്കിക്കളഞ്ഞിട്ട് രണ്ടാമത്തെ നിയമത്തെ സ്ഥാപിച്ചത് ദൈവത്തിന് ഇഷ്ടമായിരുന്നു. ഒരു സംശയം ഇവിടെ പ്രസക്തമാണ്. ന്യായപ്രമാണം ഒരിക്കലും നീങ്ങിപ്പോവുകയില്ല എന്ന് കർത്താവ് തന്നെ പറഞ്ഞില്ലേ? പിന്നെ, ആദ്യത്തെ പ്രമാണം നീക്കിക്കളഞ്ഞു എന്ന് പറയുന്നത് എങ്ങനെയാണ്? ഇതിനു മറുപടിയായി രണ്ടു കാര്യങ്ങൾ നാം ശ്രദ്ധിക്കേണ്ടതുണ്ട്.

ദൈവത്തിന്റെ നീതിയുടെ പ്രമാണങ്ങൾ ഒരിക്കലും നീങ്ങിപ്പോവുകയില്ല. ആ നീതി നിവർത്തിക്കപ്പെടുകയേ ഉള്ളൂ. **ദൈവത്തിന്റെ നീതിയിലേക്ക് എത്താനുള്ള പഴയ വഴികളാണ് അഥവാ കർമ്മമാർഗ്ഗങ്ങളാണ് ഉപേക്ഷിക്കപ്പെട്ടത്, അല്ലാതെ ദൈവത്തിന്റെ ന്യായപ്രമാണത്തിലെ നീതിയുടെ നിയമങ്ങൾ അല്ല.** ദൈവത്തിന് ഓരോ കാലഘട്ടത്തിലും ഓരോ നീതി അല്ല എന്ന് വ്യക്തം. സ്ഥിരമായിരിക്കുന്ന സ്വർഗ്ഗത്തിലെ നീതി യേശുക്രിസ്തു തന്നെയാണ്. അതിന്റെ ഒരു നിഴൽ രൂപമാണ് നാം പഴയ നിയമത്തിൽ കണ്ടത്. ആത്മാവിന്റെ വീണ്ടെടുപ്പിനാൽ **ക്രിസ്തു തന്നെ നീതിയായി നമ്മുടെ ഉള്ളിൽ വസിക്കുമ്പോൾ പഴയ രീതിയിൽ അല്ല നാം ദൈവത്തിന്റെ നീതിയെ സമീപിക്കുന്നത്, പിന്നെയോ വിശ്വാസമാർഗ്ഗത്താലാണ്.** ഈ അധ്യായത്തിലെ ആദ്യത്തെ 9 വാക്യങ്ങൾ വായിക്കുമ്പോൾ നമുക്ക് മനസ്സിലാകുന്നതും അതുതന്നെയാണ്. നീങ്ങിപ്പോയത് ആവർത്തിക്കപ്പെടുന്ന യാഗങ്ങളാലും ഹോമങ്ങളാലും ഉള്ള കർമ്മ വ്യവസ്ഥയാണ്. കർമ്മങ്ങൾ കൊണ്ട് നീതിമാന്മാർ ആകാൻ മാത്രം നല്ല മനസാക്ഷിയുള്ളവരല്ല പാപത്തിന്റെ അടിമത്തത്തിലുള്ള മനുഷ്യർ. അവർക്കുവേണ്ടി ദൈവം കൃപയുടെ വാതിൽ ക്രിസ്തുവിലൂടെ തുറക്കേണ്ടത് ആവശ്യമായിരുന്നു. അത് ദൈവത്തിന്റെ നീതി വേണ്ട എന്ന് വച്ചതു കൊണ്ടല്ല, മറിച്ച് ദൈവം തന്റെ നീതിയെ സ്ഥാപിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടാണ്. •



ജോർജ് മാത്യു, പുതുപ്പള്ളി

# സുവിശേഷത്തിന്റെ ജ്വലിക്കുന്ന നാളങ്ങളാകാം

‘**ക**ർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും’ (റോമർ 10: 13) എന്ന വചനത്തിൽ വളരെ അത്ഭുതകരമായ ഒരു വാഗ്ദത്തമാണ് നൽകപ്പെട്ടിരിക്കുന്നത്. എല്ലാ രാജ്യങ്ങളിലും എല്ലാക്കാലങ്ങളിലും ജീവിച്ചിട്ടുള്ളവരായ എല്ലാ ആളുകൾക്കുമുള്ള സാർവ്വത്രികമായ ഒരു വാഗ്ദത്തമാണിത്. മന:പൂർവ്വമായി ഈ വാഗ്ദത്തത്തിന്റെ പരിധിയിൽനിന്നു സ്വയം മാറി നിൽക്കുന്നവരൊഴിച്ച് എല്ലാവർക്കുമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുകയാണ് ഈ വാഗ്ദത്തം. ദൈവത്തിന്റെ സ്നേഹം സകല മനുഷ്യർക്കും വേണ്ടിയുള്ളതാണ്. കർത്താവായ യേശുക്രിസ്തു എല്ലാ മനുഷ്യർക്കും വേണ്ടി മരിച്ചു. ‘കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും’,എന്ന യേശുക്രിസ്തുവിന്റെ സുവിശേഷം മുഴുപ്രപഞ്ചത്തിനുമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു.

ഈ വാഗ്ദത്തത്തെ തുടർന്ന് ആഴമായ ചില ചോദ്യങ്ങളാണ് വായിക്കുന്നത്. ‘കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും. എന്നാൽ അവർ വിശ്വസിക്കാത്തവനെ എങ്ങനെ വിളിച്ചപേക്ഷിക്കും? അവർ കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? (റോമർ 10: 13-15). പ്രാഥമികമായി റോമയിലെ സഭയോടാണ് ഈ ചോദ്യങ്ങൾ. ലോകത്തിലെ എക്കാലത്തുമുള്ള എല്ലാ സഭകളോടും, നമ്മിൽ ഓരോരുത്തരോടുമുള്ള ചോദ്യങ്ങൾ കൂടിയാണ് ഇവ. ഈ ചോദ്യങ്ങളിൽ അന്തർഭവിച്ചിരിക്കുന്ന ഉത്തരവാദിത്തത്തിൽ നിന്ന് നമ്മിലാർക്കും തന്നെ ഒഴിഞ്ഞിരിപ്പാൻ സാധിക്കയില്ല. ഈ വേദഭാഗം സാധാരണ മിഷനറി പ്രവർത്തനങ്ങൾക്കായി ആളുകളെ പ്രചോദിപ്പിക്കുവാനും സംഭാവന ശേഖരിക്കുവാനും സഹായകമായാണ് ഉപയോഗിക്കാറുള്ളത്.

ഈ വിധത്തിൽ ഈ വേദഭാഗം ഉപയോഗിക്കുമ്പോൾ ക്രിസ്ത്യാനികളുടെ കൂട്ടത്തിൽ രണ്ടു വിഭാഗം ആളുകൾ ഉണ്ടെന്നാണ് സങ്കല്പം. സുവിശേഷവേലയ്ക്കു പോകാം എന്നു പറയുന്ന ഒരു വിഭാഗവും, അവരെ സുവിശേഷവേലയ്ക്ക് അയയ്ക്കുന്ന മറ്റൊരു വിഭാഗവും. ഇങ്ങനെ ഒരു വിഭജനം ഈ വേദഭാഗത്ത് സ്ഫുരിക്കുന്നതായി തോന്നിപ്പോകും. മിഷനറി വേലയ്ക്ക് പിന്തുണ ആർജ്ജിക്കുവാനായി ഈ വേദഭാഗം ഉപയോഗിച്ചിട്ടുണ്ട് എന്നുള്ളത് യാഥാർത്ഥ്യമാണ്. പക്ഷെ, അതിനെക്കാൾ വളരെ വ്യാപകമായ അർത്ഥത്തിലാണ് അതു മനസിലാക്കേണ്ടത്. സ്വന്തഭവനത്തിലും സമൂഹത്തിലും ഓരോരുത്തരുടെയും എല്ലാ കർമ്മമേഖലകളിലും സുവിശേഷത്തിന്റെ ജ്വലിക്കുന്ന നാളങ്ങളായി എല്ലാ ദൈവമക്കളും ശോഭിക്കണം. അതുകൊണ്ട് ‘അവർ വിശ്വസിക്കാത്തവനെ എങ്ങനെ വിളിച്ചപേക്ഷിക്കും’ എന്നുള്ളത് സകല ക്രൈസ്തവർക്കും കൂടിയുള്ള ഒരു വെല്ലുവിളിയാണ്.

‘അവർ എങ്ങനെ കേൾക്കും?’ ആര് എങ്ങനെ കേൾക്കുമെന്നാണ് ചോദ്യം. ലോകജനസംഖ്യയിൽ നല്ല ശതമാനം യേശു ആരെന്ന് ഇതുവരെയും കേട്ടിട്ടില്ല. ദൈവം തങ്ങളെ സ്നേഹിക്കു

ന്നുവെന്നും തങ്ങളുടെയും രക്ഷയ്ക്കായിട്ടാണ് യേശു ക്രൂശിൽ മരിച്ചതെന്നും അറിയാൻ പാടില്ലാത്ത നിരവധി പേർ വടക്കെ ഇന്ത്യൻ ഗ്രാമങ്ങളിലുണ്ട്. ഭാരതത്തിൽത്തന്നെ ക്രൈസ്തവരുടെ ശതമാനം വളരെ തുച്ഛമാണ്. അനേക ഗ്രാമങ്ങൾ യേശുവിനെ അറിയാതെ ഇന്നും പാപത്തിന്റെ അടിമത്തത്തിൽ കഴിയുന്നു. സുവിശേഷം അറിയിക്കുവാനുള്ള വാതിലുകൾ അടഞ്ഞടഞ്ഞു വരികയാണ്. സുവിശേഷം അറിയിക്കുന്ന കാര്യത്തിൽ സഭകൾക്കും വിശ്വാസികൾക്കുമുള്ള ഉത്തരവാദിത്തം വളരെയാണ്. ആ ചുമതല സുവിശേഷകരെ ഏല്പിച്ചിട്ട് മാറി നിൽക്കുവാൻ ആത്മഭാരമുള്ള ഒരു ക്രൈസ്തവനു സാദ്ധ്യമല്ല. നമ്മുടെ കർത്താവ് ഒരിക്കലും അങ്ങനെ വിചാരിച്ചിട്ടില്ല. സുവിശേഷവേലയ്ക്കു വേർതിരിക്കപ്പെട്ട ചുരുക്കം ചില വ്യക്തികളിൽക്കൂടി സുവിശേഷം എല്ലായിടത്തും ഘോഷിക്കപ്പെടുക എന്നതല്ല യേശുവിന്റെ പദ്ധതി. ഓരോ ദൈവപൈതലും ഓരോ സുവിശേഷകനായിരിക്കണമെന്നതാണ് ദൈവേഷ്ടം. ഓരോ ക്രിസ്ത്യാനിയും മറ്റാരോടെങ്കിലും സുവിശേഷം അറിയിക്കുന്നവനായിരിക്കണമെന്നാണ് കർത്താവായ യേശുക്രിസ്തു ആഗ്രഹിക്കുന്നത്.

പെന്തെക്കോസ്തു നാളിൽ മർക്കൊസിന്റെ മാളികമുറിയിൽ കൂടിയിരുന്ന എല്ലാവരുടെ മേലുമാണ് പരിശുദ്ധാത്മാവ് പകരപ്പെട്ടത്. അതിനെത്തുടർന്ന് എല്ലാവരും യേശുക്രിസ്തുവിനെ സാക്ഷിച്ചു. അനേകർ രക്ഷിക്കപ്പെട്ടു സഭയോടു ചേർന്നു. യെരുശലേമിൽ സഭയ്ക്ക് പീഡ ആരംഭിച്ചതിന്റെ ഫലമായി ക്രിസ്ത്യാനികളെല്ലാം നാനാദിക്കുകളിലേക്കു ചിതറിപ്പോയി. ചിതറിപ്പോകാതെ യെരുശലേമിൽ പാർത്തത് അപ്പൊസ്തലന്മാർ മാത്രമാണ്. 'ചിതറിപ്പോയവർ വചനം സുവിശേഷിച്ചുകൊണ്ട് അവിടവിടെ സഞ്ചരിച്ചു' എന്നു തിരുവചനത്തിൽ നാം വായിക്കുന്നു. എല്ലാ ക്രിസ്ത്യാനികളും സുവിശേഷം പ്രസംഗിച്ചു എന്നുവേണം ഇതിൽനിന്നും അനുമാനിക്കുവാൻ.

ഫിലിപ്പൊസ് സാധാരണക്കാരനായിരുന്നെങ്കിലും ഒരു വലിയ സുവിശേഷകനായിരുന്നു. സ്തെഫാനൊസും ഒരു മികച്ച സുവിശേഷകനായിരുന്നു. സുവിശേഷവേല എല്ലാവരുടെയും ചുമതലയായിരിക്കണമെന്നാണ് ദൈവനിയോഗം. എല്ലാ ക്രൈസ്തവരും സുവിശേഷവേല ചെയ്യുന്നില്ലെങ്കിൽ ലോകം മുഴുവൻ സുവിശേഷം അറിയിക്കുവാൻ സാദ്ധ്യമല്ല. രക്ഷിക്കപ്പെട്ട എല്ലാ ദൈവമക്കളും സുവിശേഷീകരണം ഒരു വെല്ലുവിളിയായി ഏറ്റെടുത്താൽ ലോകം മുഴുവൻ സുവിശേഷ വെളിച്ചം പ്രകാശിപ്പിക്കുവാൻ നമുക്കു കഴിയും.

വിത്തു വിതയ്ക്കുന്ന കർഷകന്റെ ഉപമ യേശുകർത്താവ് തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചു. മനുഷ്യപുത്രനാണ് നല്ല വിത്ത് വിതയ്ക്കുന്നത്. വയൽ ലോകം. നല്ല വിത്ത് രാജ്യത്തിന്റെ പുത്രന്മാർ. ആ നല്ല വിത്ത് മുളച്ചിട്ടാണല്ലോ നാം ദൈവമക്കളായത്. നാമും ഇത്തരത്തിൽ 'വിളഞ്ഞ മണി'കളായി വിതയ്ക്കപ്പെടേണ്ടവരാണ്. നാമോരോരുത്തരും ഇത്തരത്തിൽ ഫലം പുറപ്പെടുവിക്കുവാൻ നിയമിക്കപ്പെട്ടിരിക്കുകയാണ്. നമ്മെക്കുറിച്ചുള്ള ദൈവത്തിന്റെ ദിവ്യോദ്ദേശ്യവും അതുതന്നെയാണ്.


വയൽ സഭയോ സഭാസംഘടനയോ അല്ല. ലോകമാണ് വയൽ. രാജ്യത്തിന്റെ പുത്രന്മാർ, ഈ ലോകത്തിൽ അങ്ങിങ്ങായി വിതയ്ക്കപ്പെട്ട നല്ല വിത്തുകളാണ്. നമ്മെ ലോകത്തിന്റെ ഒരു കോണിൽ ഫലം പുറപ്പെടുവിക്കാനായി ദൈവം നട്ടുപിടിപ്പിച്ചിരിക്കുകയാണ്. കർത്താവായ യേശു, ബുദ്ധിയുള്ള ഒരു വിതക്കാരനാണ്. ഏതു തരത്തിലുള്ള വിത്താണിത് എന്നും, എങ്ങനെ അതുപയോഗിക്കണം എന്നും തനിക്ക് സ്പഷ്ടമായി അറിയാം. ഏതുതരം മണ്ണിൽ നട്ടാൽ നാം കൂടുതൽ ഫലം കായ്ക്കുമെന്ന് കർത്താവിന് നല്ല നിശ്ചയമുണ്ട്. ലോകത്തെ സുവിശേഷത്താൽ കീഴ്പ്പെടുത്തുന്നതിനുള്ള യേശുക്രിസ്തുവിന്റെ ദിവ്യപദ്ധതി യത്രെ ഇത്. വീണ്ടുംജനിച്ച ഓരോരുത്തരെയും ലോകത്തിലെ വിവിധ പ്രവർത്തനമേഖലകളാകുന്ന വയലിൽ അവിടുന്ന് നടുന്നു. അവിടെ അവർ ഫലം കായ്ക്കണമെന്നുള്ളതാണ് ദൈവോദ്ദേശ്യം. മറ്റു വിത്തുകളെ അപേക്ഷിച്ച് ഈ വിത്തിനുള്ള ഒരു പ്രത്യേകത, വിത്തിന്റെ അനുവാദം കൂടാതെ വിതക്കാരന് അതിനെ നടുവാൻ സാധിക്കയില്ല എന്നതാണ്. നമ്മുടെ അനുവാദം കൂടാതെ യേശു നമ്മെ ഒരിടത്തും നടുകയില്ല. നാം അനുവദിക്കാതെ യേശു നമ്മെ ഉപയോഗിക്കുകയുമില്ല.

യെശയ്യാവിന്റെ ദർശനം യെശയ്യാവ് 6 ൽ, നാം വായിക്കുന്നു. ദർശനവേളയിൽ യെശയ്യാവിന്റെ കാതുകളിൽ മുഴങ്ങുന്ന ശബ്ദം 'ഞാൻ ആരെ അയയ്ക്കേണ്ടൂ? ആർ നമുക്കുവേണ്ടി പോകും' (യെശയ്യാവ് 6: 8) എന്ന ദൈവത്തിന്റെ ചോദ്യമാണ്. ഈ വേദഭാഗം ഒരു പ്രത്യേകരീതിയിലാണ് പലരും വ്യാഖ്യാനിക്കുന്നത്. യെശയ്യാവിനെ വിളിച്ചതുപോലെ നമ്മെയും ദൈവം നേരിട്ടു വിളിച്ചാൽ പോകാം

ശേഷം പേജ് 18 ▶



ഡോ. സുജിത്ത് സൈമൺ



# പ്രേമഭ്രമത്തെ എങ്ങനെ തിരിച്ചറിയാം?

യൗവനകാലം മനുഷ്യജീവിതത്തിലെ നിർണ്ണായകമായ മാറ്റങ്ങളുടെ കാലഘട്ടമാണ്. ഈ ഘട്ടത്തിൽ ആയിരിക്കുന്നവർക്ക് മനസ്സും ശരീരവും പുതിയ അനുഭവങ്ങളാലും ആകർഷണങ്ങളാലും സ്വാധീനിക്കപ്പെടാറുണ്ട് . ഈ സമയം ഏറ്റവും സാധാരണമായി അനുഭവപ്പെടുന്ന രണ്ട് വികാരങ്ങളാണ് സ്നേഹം (love), പ്രേമം (infatuation). സ്നേഹം വ്യക്തിയെ നന്നായി അറിയാനും അവരുടെ ഗുണവും ദോഷവും അംഗീകരിക്കാനും ശ്രമിക്കുന്നു. എന്നാൽ പ്രേമഭ്രമം മറ്റേയാൾ വളരെ പ്രത്യേകതയുള്ളവനും, പൂർണ്ണനും, മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനും, ഒരു 'മാലാഖ'യുമാണെന്ന മിഥ്യാധാരണയാണ്. സ്നേഹം എന്നാൽ ഒരാളെ പൂർണ്ണമായി ഉൾക്കൊള്ളുന്നതാണ്. എന്നാൽ പ്രേമഭ്രമം, അപരനെ ആകർഷിക്കുവാൻ വേണ്ടി കാട്ടിക്കൂട്ടുന്ന പാഴ്ശ്രമങ്ങളാണ്.

**പ്രേമഭ്രമവും സ്നേഹവും എങ്ങനെ തിരിച്ചറിയാം? .**

സ്നേഹവും പ്രേമഭ്രമവും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയേണ്ടത് പ്രധാനമാണ്. പ്രേമഭ്രമം എന്നത് ആഴമില്ലാത്ത, താൽക്കാലികമായ ഒരു ആകർഷണമാണ്. ഒരു വ്യക്തിയോടുള്ള തീവ്രമായ, പക്ഷേ അധികം മനസ്സിലാക്കാതെയുള്ള ആകർഷണമാണ്. പ്രേമഭ്രമത്തിന് രസകരമായ നിമിഷങ്ങൾ ഉണ്ടാകുമെങ്കിലും, അത് ആത്യന്തികമായി ഉപരിപ്ലവവും അസ്ഥിരവുമാണെന്ന് എപ്പോഴും ഓർക്കുക. പ്രേമത്തിന്റെ ചുഴലിക്കാറ്റിൽ കുടുങ്ങിപ്പോകുന്നതിനാൽ, ആ വ്യക്തി യഥാർത്ഥത്തിൽ ആരാണെന്ന് നിങ്ങൾക്ക് കാണാൻ കഴിയില്ല, അല്ലെങ്കിൽ കാണാൻ ആഗ്രഹിക്കില്ല. പ്രേമം ഒരു ഭ്രമം പോലെയുള്ള വികാരാവേശമാണ്. പ്രേമഭ്രമം തോന്നുന്ന വ്യക്തിയെ സ്വപ്ന സങ്കല്പത്തിലെ വ്യക്തിയാണെന്ന് കണ്ട് തെറ്റിദ്ധരിക്കുന്ന അവസ്ഥയാണ്. ഈ വ്യക്തിയോടൊത്ത് സമയം ചെലവഴിക്കാൻ, അവനെപ്പറ്റി സ്വപ്നങ്ങൾ കാണാൻ, തികച്ചും അയാളെ ചുറ്റിപ്പറ്റിയുള്ള ചിന്തയിൽ മുഴുകിയിരിക്കാൻ പ്രേരിപ്പിക്കുന്നു.

എന്നാൽ സ്നേഹം ആഴത്തിലുള്ളതും പരസ്പരബഹുമാനത്തിലും അർപ്പണബോധത്തിലും ഊന്നിയതാണ്. സ്നേഹം ഒരു വ്യക്തിയെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കുന്നതിനും അവരുടെ നല്ലതും മോശവുമായ കാര്യങ്ങളെ ഉൾക്കൊള്ളുന്നതിനും സഹായിക്കുന്നു. എന്നാൽ പ്രേമഭ്രമം ഒരാൾ മറ്റൊരാളെക്കു

റിച്ച് തെറ്റായ ധാരണകൾ വെച്ചുപുലർത്താൻ ഇടയാക്കുന്നു. യഥാർത്ഥ സ്നേഹത്തിൽ പങ്കാളികൾക്ക് പരസ്പരം വിശ്വസിച്ച് മുന്നോട്ട് പോകാൻ കഴിയും. പരസ്പരം മനസ്സിലാക്കാനും സ്നേഹിക്കാനും ആഗ്രഹിക്കുന്നു, കാലക്രമേണ കൂടുതൽ ശക്തമാവുകയും വളരുകയും ചെയ്യുന്നു. പ്രേമഭ്രമത്തിലാണെങ്കിൽ, പങ്കാളികൾക്ക് പരസ്പരം വിശ്വസിച്ച് മുന്നോട്ട് പോകാൻ കഴിയില്ല. പരസ്പരം മനസ്സിലാക്കുന്നതിനോ ഉൾക്കൊള്ളുന്നതിനോ തയ്യാറാകാതെ തെറ്റായ ധാരണകൾ വെച്ചുപുലർത്തുന്നു. പങ്കാളിയുടെ കുറവുകളെക്കുറിച്ച് ബോധവാന്മാരാകാതെ, അവരെക്കുറിച്ച് അതിരുകവിഞ്ഞ മതിപ്പ് തോന്നുന്നു. കാലക്രമേണ കുറഞ്ഞുപോകുന്ന വികാരമാണ് ഭ്രമം. ആകർഷണം ഇല്ലാതാകുമ്പോൾ ഭ്രമവും ഇല്ലാതാകുന്നു. എന്തുകൊണ്ടാണ് യൗവ്വനക്കാർക്ക് ഇത് സംഭവിക്കുന്നത്? മന:ശ്ശാസ്ത്രപരമായ കാരണങ്ങളെക്കുറിച്ചു ചിന്തിക്കാം.

**1. ഹോർമോൺ മാറ്റങ്ങൾ:**

യൗവ്വനാരംഭത്തിൽ (പ്യൂബർട്ടി) ഡോപമിൻ, സെറോട്ടോണിൻ, ടെസ്റ്റോസ്റ്റിറോൺ, ഒക്സിറ്റോസിൻ തുടങ്ങിയ ഹോർമോണുകളുടെ മാറ്റങ്ങൾ, പുതിയ താൽപര്യങ്ങൾ, വികാരപ്രകടനങ്ങൾ, എതിർലിംഗത്തിൽപ്പെട്ട വ്യക്തിയോടുള്ള ആകർഷണം, ഇഷ്ടം മുതലായവ ഉണ്ടാക്കുന്നു.

2. സ്വന്തം വ്യക്തിത്വത്തെ തിരിച്ചറിയാനുള്ള ശ്രമത്തിന്റെ ഭാഗമായി 'ഞാൻ ആരാണ്?' എന്നത് മനസ്സിലാക്കാനുള്ള ആകാംക്ഷ. ബാല്യത്തിൽ നിന്ന് കൗമാരത്തിലേക്കുള്ള ചുവടുവെപ്പിന്റെ ഭാഗമായി പുതിയ സൗഹൃദങ്ങൾക്കും, സ്നേഹത്തിനും, സ്വാതന്ത്ര്യത്തിനും, അംഗീകാരത്തിനും വേണ്ടി പുറം ലോകത്തേക്കുള്ള അന്വേഷണം ആരംഭിക്കുന്നു.

3. സോഷ്യൽമീഡിയ, സിനിമ, സംഗീതം തുടങ്ങിയവ പ്രണയത്തെ വളരെ അന്യായമായി മഹത്വപ്പെടുത്തുകയും യുവാക്കളെ അതിന്റെ മായാലോകത്തിലേക്ക് ആകർഷിക്കുകയും ചെയ്യുന്നു. തത്ഫലമായി യുവാക്കൾ യാഥാർത്ഥ്യത്തിൽ നിന്നകന്ന്, താൽക്കാലിക ആകർഷണങ്ങളെ സ്നേഹമായി തെറ്റിദ്ധരിച്ച് അതിനെക്കുറിച്ചുള്ള സത്യം തിരിച്ചറിയാതെ ജീവിതം, ചതിയിലേക്കും, വഞ്ചനയിലേക്കും, അബദ്ധത്തിലേക്കും, തകർച്ചയിലേക്കും നയിക്കപ്പെടുന്നു.

**യഥാർത്ഥ സ്നേഹത്തിൽ പങ്കാളികൾക്ക് പരസ്പരം വിശ്വസിച്ച് മുന്നോട്ട് പോകാൻ കഴിയും. പരസ്പരം മനസ്സിലാക്കാനും സ്നേഹിക്കാനും ആഗ്രഹിക്കുന്നു, കാലക്രമേണ കൂടുതൽ ശക്തമാവുകയും വളരുകയും ചെയ്യുന്നു. പ്രേമഭ്രമത്തിലാണെങ്കിൽ, പങ്കാളികൾക്ക് പരസ്പരം വിശ്വസിച്ച് മുന്നോട്ട് പോകാൻ കഴിയില്ല.**

**പ്രേമഭ്രമം കൊണ്ട് നേരിടുന്ന പ്രശ്നങ്ങൾ.**

ഇന്ത്യ ടുഡേ( India Today) പ്രസിദ്ധീകരണം നടത്തിയ ഒരു സർവ്വേ പ്രകാരം 15 - 19 വയസ്സുകാരിൽ 67% പേർക്ക് പ്രേമഭ്രമം ഉണ്ടായിട്ടുണ്ട്. അതിൽ 54% പേർക്ക് അത് മാനസിക ബുദ്ധിമുട്ടുകൾക്കിടയാക്കിയിട്ടുണ്ട്. നിംഹാൻസ് (NIMHANS) പഠന റിപ്പോർട്ടുകൾ പ്രകാരം, പ്രണയപരമായ വിഷാദം അനുഭവിക്കുന്ന വിദ്യാർത്ഥികളുടെ നിരക്ക് 29% ആയതും, അതിൽ 9.3% പേർക്ക് ആത്മഹത്യാപ്രവണത ഉണ്ടായതും കണ്ടെത്തിയിട്ടുണ്ട്. കേരളത്തിലൊരു യുവജന ക്യാമ്പിൽ നടത്തിയ ലഘുസർവ്വേയിൽ 62% പേർ അവരുടെ പ്രേമാനുഭവം ആത്മീയതയെ ദുർബലപ്പെടുത്തി എന്നത് സമ്മതിച്ചു.

പ്രേമഭ്രമം മിക്കപ്പൊഴും മനസ്സിനെ മാത്രം അല്ല ബാധിക്കുന്നത്, ശാരീരികവും സാമൂഹ്യവുമായ വശങ്ങളും ഗൗരവപരമാണ്. തെറ്റായ പ്രണയം ശാരീരിക ബന്ധത്തിലേക്ക് വഴിതെറ്റിപ്പോവുകയും, മുൻകൂട്ടി ചിന്തിക്കാത്ത ഗർഭധാരണങ്ങളിലേയ്ക്കോ, ലൈംഗിക ബന്ധത്തിലൂടെ പകരുന്ന അസുഖങ്ങളിലേയ്ക്കോ നയിക്കാൻ സാധ്യതയുണ്ട്. കൗമാരത്തിലെ പ്രേമഭ്രമം ദൈനംദിന ജീവിത ക്രമങ്ങളെക്കൂടാതെ, പഠനത്തെയും സാരമായി ബാധിക്കാറുണ്ട്. പകൽക്കിനാവ് കാരണം ശ്രദ്ധക്കുറവ്, ഓർമ്മക്കുറവ്, പഠനത്തിനുള്ള താൽപ്പര്യക്കുറവ്, ഉത്തരവാദിതമില്ലായ്മ മുതലായവ പഠനത്തകർച്ചയിലേക്ക് നയിക്കുന്നു. മാതാപിതാക്കളുടെയോ, കുടുംബത്തിന്റെയോ, ആഗ്രഹങ്ങൾക്കോ സങ്കൽപ്പങ്ങൾക്കോ, ഉപദേശങ്ങൾക്കോ വില നൽകാതെ, സമൂഹത്തിൽ നിലവിലുള്ള ധാർമ്മിക മൂല്യങ്ങൾക്ക് പ്രാധാന്യം കൊടുക്കാതെ,

മുന്നോട്ടുപോകുന്ന പ്രേമ ബന്ധങ്ങൾ വ്യക്തിപരമായുള്ള സമ്മർദ്ദങ്ങളും, ആശയക്കുഴപ്പങ്ങളും, ബന്ധവിച്ഛേദനങ്ങളും കാരണം ശാരീരികമായും, മാനസികമായും, ആത്മീകമായും തകർച്ചയിലേക്ക് നയിക്കുന്നു.

**എന്താണ് യഥാർത്ഥ സ്നേഹം?**

ബൈബിൾ, സ്നേഹത്തെ ഒരു ആത്മീയ നിയമമായി കാണിക്കുന്നു. 1 കൊരിന്ത്യർ 13:4-7 വരെയുള്ള സ്നേഹവിവരണം വായിക്കുമ്പോൾ മനസ്സിലാകുന്നു. യഥാർത്ഥ സ്നേഹം ക്ഷമയും ദയയും ഉൾക്കൊള്ളുന്നതാണ്, അതിൽ അസൂയയും അഹങ്കാരവും ഇല്ല. സ്നേഹം എല്ലാം സഹിക്കയും വിശ്വസിക്കയും പ്രതീക്ഷിക്കയും ചെയ്യുന്നു. യൗവ്വനപ്രേമഭ്രമം ഈ ഗുണങ്ങളിൽ ഒന്നും നിറവേറ്റുന്നില്ല. മറിച്ച്, അതിന്റെ പ്രധാന ലക്ഷ്യം ശാരീരിക വൈകാരിക സംതൃപ്തി മാത്രമായിരിക്കും. 2 തിമൊഥെയോസ് 2:22 നമുക്ക് മുന്നറിയിപ്പ് നൽകുന്നു. യൗവ്വനവികാരങ്ങളെ വിട്ടോടുക. സഭാപ്രസംഗി 11: 9 ൽ പറയുന്നു: നിന്റെ യൗവ്വനകാലത്ത് സന്തോഷിച്ചുകൊൾക, പക്ഷേ നിന്റെ പ്രവൃത്തികൾക്ക് ദൈവം നിന്നെ വിധിക്കും.

പ്രേമഭ്രമം യഥാർത്ഥത്തിൽ സാധാരണ കാര്യമല്ലേ എന്ന തോന്നൽ വരാമെങ്കിലും, ആത്മീയമായി അതിന്റെ ഭവിഷ്യത്തു വലിയതാണ്. അത് ദൈവസമ്മുഖത്തിൽ നിന്ന് അകറ്റി, വചനത്തിൽ നിന്ന് വ്യതിചലിപ്പിക്കുന്നതാണ്. അതിനാൽ ആത്മപരിശോധന അനിവാര്യമാണ്.

എന്നെ ആകർഷിക്കുന്ന വ്യക്തിയോടുള്ള ബന്ധം ദൈവത്തിന്റെ ദൃഷ്ടിയിൽ വിശുദ്ധമാണോ? അതോ, ഞാൻ ദൈവത്തിൽ നിന്നകലുകയാണോ? അതോ ദൈവം ആ വ്യക്തിയിലൂടെ എന്നെ വളർത്തുന്നുവോ എന്നുള്ളതിന്റെ ആത്മപരിശോധന നിർബന്ധമായും വേണം. സ്നേഹം ദൈവസൃഷ്ടിയാണ്. അതിനാൽത്തന്നെ യൗവനകാലത്ത് ദൈവത്തിനു പ്രഥമസ്ഥാനം നൽകി ദൈവിക പാത വിട്ടുപോകാതെ ജീവിതം നയിക്കേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യമാണ്.

പ്രേമം പോലെ വലിയ വികാരത്തെ യഥാർത്ഥമായി തിരിച്ചറിയാത്തവരുടെയും ദൃശ്യമാധ്യമങ്ങളുടെ ആവിഷ്കരണത്തെ വിവേചിപ്പാൻ കഴിയാത്തവരുടെയും ജീവിതത്തെ തകർക്കും. അതിനാൽ യുവാക്കൾ ദൈവവചനത്തിൽ നന്നായി അടിസ്ഥാനപ്പെട്ട്, ജഡത്തിന്റെ ചിന്തകളെ ജയിച്ച്, പരിശുദ്ധാത്മാവിനാൽ നടത്തപ്പെട്ട്, ആകർഷണങ്ങൾക്കും വികാരങ്ങൾക്കും അതീതമായി ആത്മീയ അവബോധം ഉള്ളവരാകേണ്ടത് ഇന്നത്തെ സഭകളുടെ അടിയന്തരവിഷയങ്ങളിലൊന്നാണ്. •

15▶ **സുവിശേഷത്തിന്റെ ജ്വലിക്കുന്ന നാളങ്ങളാകാം**

എന്നു ചിന്തിക്കുന്ന യുവാക്കളുണ്ട്. അല്ലെങ്കിൽ അതു തങ്ങളുടെ ഉത്തരവാദിത്തത്തിൽപ്പെട്ട കാര്യമല്ലെന്നാണ് അവരുടെ നിലപാട്. സുവിശേഷവേലയ്ക്കു പോകുവാൻ സമർപ്പിക്കാതെ, മറ്റുള്ളവരെ സുവിശേഷവേലയിലേക്ക് പറഞ്ഞുവിടാൻ പലരും ഉത്സാഹം കാട്ടുന്നു. അവരെ സുവിശേഷവേലയിലേക്ക് പറഞ്ഞുവിടാൻ സഹായവും പ്രോത്സാഹനവും നൽകിയെന്നുള്ള നിലപാടിൽ സംതൃപ്തിയടയുന്നു. എന്നാൽ അതല്ല ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത്. 'ഞാൻ ആരെ അയയ്ക്കേണ്ടു, ആർ നമുക്കുവേണ്ടി പോകും' എന്ന ദൈവശബ്ദം മന:സാക്ഷിയിൽ മുഴങ്ങുമ്പോൾ 'കർത്താവേ, അടിയൻ ഇതാ, അടിയനെ അയയ്ക്കണമേ' എന്നു പറയുവാനുള്ള ആർജ്ജവമാണ് നാം കാണിക്കേണ്ടത്. ലോകമൊക്കെയും പോയി സകല ജാതികളോടും സുവിശേഷം അറിയിപ്പീൻ എന്ന ദൈവകല്പന മുറുകെപ്പിടിച്ച് ലോക സുവിശേഷീകരണത്തിന്റെ പ്രാധാന്യതയും അനിവാര്യതയും കണക്കിലെടുത്ത്, കയ്യും മെയ്യും മറന്ന്, ലോകസുവിശേഷീകരണത്തിനായി നമുക്ക് യത്നിക്കാം. ദൈവം സഹായിക്കട്ടെ. •

**ക്രിസ്തുവിശ്വാസികൾ അനുതാപം ഇല്ലാത്തവരായി കാണപ്പെടുമ്പോൾ അവിശ്വാസികൾ തങ്ങളുടെ പാപങ്ങളിൽ നിന്ന് അനുതാപത്തോടെ പിന്തിരിയണമെന്ന് പ്രതീക്ഷിക്കുന്നത് എങ്ങനെ? ഞാൻ ഒരു നീച പാപിയാണെന്നു മനസ്സിലാക്കാത്ത ഒരു വേർപെട്ട വിശ്വാസി, വിത്ത് പാറസ്ഥലത്ത് വീണ കേൾവിക്കാരനെ പോലെ നിഷ്ഫലനാണ്. ഏതെങ്കിലുമൊക്കെ പ്രതികൂലങ്ങളുടെ മുൻപിൽ അവൻ പിന്മാറ്റത്തിലേക്ക് പോകും.**



**വാച്ച്മാൻ നീ**

# വളർച്ചയെ തടയുന്ന ചൂടും പാറയും

***മറ്റു ചിലതു പാറസ്ഥലത്ത് ഏറെ മണ്ണില്ലാത്തേടത്തു വീണു; മണ്ണിനു താഴ്ച ഇല്ലായ്കയാൽ ക്ഷണത്തിൽ മുളച്ചുവന്നു.സൂര്യൻ ഉദിച്ചാറെ ചൂടു തട്ടി, വേരില്ലായ്കകൊണ്ട് ഉണങ്ങിപ്പോയി (മർക്കോസ് 4:5,6).***

നിലത്തു വീണ വിത്തുകളിൽ ചിലത് ക്ഷണത്തിൽ മുളച്ചുവന്നു. വളരെ വേഗത്തിൽ ആയിരുന്നു വളർച്ച. ദൈവവചനം ഹൃദയത്തിൽ വീഴുമ്പോൾ വേഗത്തിൽ ചില ആത്മിക അനുഭവങ്ങൾ സംഭവിക്കാറുണ്ട്. വചനം അവർക്കു ഒരു തിയറി മാത്രമായിരുന്നില്ല, പ്രത്യുത പ്രായോഗിക ജീവിതത്തിൽ മറ്റുള്ളവർ കാണാത്തക്ക നിലയിൽ ഉള്ള രൂപാന്തര ജീവിതം കൂടിയായിരുന്നു. വളരെ പെട്ടെന്ന് ചില മാറ്റങ്ങളൊക്കെ സംഭവിച്ചു എങ്കിലും വളർച്ച തുടരുന്നില്ല. ആത്മികജീവിതത്തിനു തുടക്കവും തുടർച്ചയും ഒടുക്കവും ആവശ്യമാണ്. വിത്ത് ക്ഷണത്തിൽ മുളച്ചുവന്നു എങ്കിലും സൂര്യന്റെ ചൂടു അടിച്ചപ്പോൾ ആഴത്തിൽ വേരില്ലായ്ക കൊണ്ട് ഉണങ്ങിപ്പോയി എന്നുള്ള കർത്താവിന്റെ മുന്നറിയിപ്പ് ഗൗരവമായി നാം കാണുന്നുണ്ടോ?

ആത്മീയജീവിതം ഗംഭീരമായി ആരംഭിച്ച് അത്യന്തം ദുഖകരമായി അവസാനിപ്പിച്ച മനുഷ്യരെ കുറിച്ചാണ് വേരില്ലാതെ ഉണങ്ങിപ്പോയി എന്ന് വിശേഷിപ്പിച്ചിരിക്കുന്നത്. ആരംഭത്തേക്കാൾ അവസാനം നന്നായിരിക്കണം എന്ന തിരുവെഴുത്ത് ഇവിടെ ശ്രദ്ധേയമായിരിക്കുന്നു. അത്യുത്സാഹത്തോടെ യേശുക്രിസ്തുവിനെ സേവിക്കുവാൻ ഇറങ്ങിത്തിരിച്ചിട്ട് ചുരുങ്ങിയ നാളുകൾക്കുള്ളിൽ ത്തന്നെ പിന്മാറിപ്പോകുന്നവരും, ആത്മീക സന്തോഷവും ജീവനും നഷ്ടപ്പെട്ട് ഉണങ്ങിപ്പോകുന്നവരും ഇന്ന് സർവ്വസാധാരണമാണ്.

വിതക്കാരന്റെ ഉപമയിലൂടെ യേശുകർത്താവ് മുന്നറിയിപ്പ് നൽകുക മാത്രമല്ല, ഈ ദു:സ്ഥിതിയുടെ കാരണവും കൂടെ വ്യക്തമാക്കുന്നു. ദൈവവചനം നൽകുന്നത് മത്സരങ്ങളിൽ പങ്കെടുത്ത് ഒന്നാമത് എത്തുവാനോ, അത് മറ്റുള്ളവർക്ക് പങ്കിട്ടു കൊടുക്കുവാനോ, വചനപണ്ഡിതന്മാരാകുവാനോ മാത്രമല്ല. അങ്ങനെ മാത്രം ചെയ്യുന്ന പക്ഷം ഒരു പക്ഷേ മറ്റുള്ളവർക്ക് നമ്മെക്കുറിച്ച് വലിയ മതിപ്പ് ഉണ്ടാകുമായിരിക്കും. വചനം സ്വീകരിക്കുന്ന വ്യക്തികളെ ആത്മീക പക്വതയിലേക്ക് പൂർണ്ണതയിലേക്ക് നയിക്കണം എന്നാണ് ദൈവത്തിന്റെ പരമമായ ആഗ്രഹം. അതിനായി ദൈവം ചില പ്രത്യേക സാഹചര്യങ്ങളിലേക്ക് അവരെ നടത്തുന്നു. വചനത്തിന് ചെവി കൊടുക്കുകയും അധരങ്ങളാൽ അത് ഏറ്റുപറയുകയും ചെയ്തു എന്നതിനാൽ കേട്ട വചനം നമുക്ക് ഉപകാരമാകണം എന്നില്ല. ആ വചനത്തിന്റെ ശക്തി നമ്മുടെ ജീവിതത്തിൽ തെളിയിക്കപ്പെടേണ്ടതാണ്. അതിനായി പരിശോധനകളിലൂടെ കടന്നു പോകുവാൻ നമ്മെ ദൈവം അനുവദിക്കുന്നു.

ഉദാഹരണത്തിന് സഹിഷ്ണുതയെ കുറിച്ചുള്ള വചനമാണ് കൈക്കൊണ്ടതെങ്കിൽ അസഹിഷ്ണുത ഉളവാക്കുന്ന സാഹചര്യങ്ങൾ ഭവനത്തിലോ ജോലി സ്ഥലങ്ങളിലോ കലാലയങ്ങളിലോ ദൈവം അനുവദിക്കുന്നു. അങ്ങനെ നാം സഹിഷ്ണുത പഠിക്കുന്നു. അതാണ് വചനം നിമിത്തം ഉണ്ടാകുന്ന പരിശോധനകൾ. പൂർണ്ണമായി കർത്താവിന് സമർപ്പിച്ചു കൊടുക്കണം എന്ന ആഹ്വാനം

കേട്ടിട്ടില്ലേ? സമർപ്പണത്തിനുള്ള ആഹ്വാനത്തിനു മുമ്പിൽ എത്രവേഗം ഉത്സാഹഭരിതരാകുന്നു, ഉണർത്തപ്പെടുന്നു. സന്തോഷത്തോടെ വചനത്തിനു മുമ്പിൽ സമർപ്പിക്കുന്നു. എന്നാൽ ഈ സമർപ്പണം ശോധന ചെയ്യപ്പെടേണ്ടത് ദൈവപദ്ധതിയിൽ പെട്ട കാര്യം ആകുന്നു. വചനത്തെ നമ്മുടെ ബുദ്ധിയിലാണോ, വികാരാവേശത്തിലാണോ, അതോ കർത്താവിനോടുള്ള സ്നേഹത്താലാണോ സ്വീകരിച്ചിരിക്കുന്നത് എന്ന് ഈ ശോധന തെളിയിക്കും. ഈ ശോധനയാണ് ഉപമയിൽ പറഞ്ഞിരിക്കുന്ന സൂര്യന്റെ ചൂട്.

ഉപരിപ്ലവവും വൈകാരികവുമായ ഒരു നിലയിലാണ് വചനത്തെ കൈക്കൊണ്ടിരിക്കുന്നതെങ്കിൽ, പിന്നാലെ വരുന്ന പരിശോധനയിൽ നമുക്ക് പിടിച്ചു നിൽക്കുവാൻ കഴിയാതെ വരും. എന്നാൽ ക്രിസ്തുവിനോടുള്ള സ്നേഹത്താൽ ഹൃദയത്തിൽ വചനം കൈക്കൊണ്ടവർ പരിശോധനകൾ തരണം ചെയ്തു ആത്മീയമായി വളർന്നുകൊണ്ടേയിരിക്കും. മനസ്സിലാക്കിയിട്ടുള്ള വചനത്തെ സംബന്ധിച്ചുള്ള അറിവ് എത്ര അധികം ആയിരുന്നാലും, അത് മറ്റുള്ളവരോട് വിശദീകരിപ്പാൻ പ്രാപ്തരായിരുന്നാലും, കൂശിന്റെ പാതയിലൂടെ യാത്ര ചെയ്യുവാൻ സാധിക്കുന്നില്ല എങ്കിൽ ഒരിക്കലും ആ വചനം നമ്മുടെ സ്വന്തമാകുന്നില്ല എന്നാണ് മനസ്സിലാക്കേണ്ടത്. ആഴത്തിൽ, ആത്മാവിൽ വേരുറപ്പിക്കപ്പെട്ട ദൈവമക്കളെ ഉണക്കിക്കളയുവാൻ എത്ര കഠിനശോധനയ്ക്കും കഴിയുകയില്ല. എന്നാൽ വേരില്ലാത്ത എല്ലാറ്റിനേയും അത് ഉണക്കിക്കളയും. ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് ഒരു ശക്തിക്കും ഇളക്കി മാറ്റുവാൻ പറ്റാത്തതാണ് നമ്മുടെ സമർപ്പണം എന്നു തെളിയിക്കപ്പെടുന്നതാണ് ഓരോ പരിശോധനകളും.

എന്തുകൊണ്ടാണ് നിലത്ത് വീണ വിത്ത് വേഗത്തിൽ മുളച്ചു വന്നതും വേഗത്തിൽ ഉണങ്ങിയതും? മണ്ണിന് താഴ്ചയില്ലായിരുന്നു എന്നതാണ് ഒന്നാമത്തെ കാരണം. ചിലർ വളരെ വേഗത്തിൽ തൃപ്തിപ്പെടുന്നവരും അതേവേഗത്തിൽ അസംതൃപ്തരാകുന്നവരുമാണ്. അവർ കേവലം വികാരതലത്തിൽ മാത്രം ജീവിക്കുന്നവരാണ്. ദൈവവചനത്തോട് ഉപരിപ്ലവമായി അവർ അതിവേഗം അനുകൂലമായി പ്രതികരിക്കും. എന്നാൽ പിന്നാലെ സംഭവിക്കുന്ന മറ്റൊരു പ്രതികൂല സാഹചര്യം അവരെ പിറുപിറുപ്പുകാരും ഗതിയെക്കുറിച്ച് ആവലാതി പറയുന്നവരും ആക്കുന്നു. അതായത് അനുകൂല പ്രതികൂല സാഹചര്യങ്ങൾക്കും സ്വാധീനങ്ങൾക്കും വശംവദരാകുന്നവർക്ക് ഒരിക്കലും കർത്താവിന്റെ പരിജ്ഞാനത്തിലേക്ക് വളരുക സാധ്യമല്ല.

വളർച്ച ഇല്ലായ്മയുടെ മറ്റൊരു കാരണം വേരില്ലാത്തതു കൊണ്ടാണ്. എന്താണ് വേര്? കാഴ്ചയ്ക്ക് മറഞ്ഞിരിക്കുന്ന ചെടിയുടെ ഭാഗമാണത്. അതായത് ക്രിസ്ത്യാനിയുടെ രഹസ്യജീവിതം. കൂട്ടായ്മകളിൽ പ്രാർത്ഥിക്കുന്ന പ്രാർത്ഥനയ്ക്ക് അപ്പുറത്ത് ദൈവവുമായി ഹൃദയം പങ്കിടുന്ന ഒരു പ്രാർത്ഥനാജീവിതം നമുക്കുണ്ടോ? പ്രസംഗത്തിനു വേണ്ടി ദൈവവചനം തിരയുന്നതിനപ്പുറം രാപ്പകൽ ദൈവവചനം ധ്യാനിക്കുന്ന അനുഭവമുണ്ടോ? അവനവന്റെ ആത്മാവിനെ പോഷിപ്പിച്ചിട്ടാണോ മറ്റുള്ളവരുടെ ആത്മാവിനെ പോഷിപ്പിക്കുവാൻ നാം തിടുക്കം കാട്ടുന്നത്? പാപത്തിനെതിരെ പരസ്യമായി സംസാരിക്കുകയും അപ്പോൾ തന്നെ രഹസ്യ പാപങ്ങളിൽ തുടരുകയും ചെയ്യുന്ന വ്യക്തിയാണോ? അങ്ങനെ ആകുന്നു എങ്കിൽ അതായത് മനുഷ്യർക്ക് മുമ്പിൽ മതിപ്പുളവാക്കുവാൻ ആത്മീയ പ്രവർത്തനങ്ങൾ ചെയ്യുന്നവർ മാത്രമാണെങ്കിൽ വേരില്ലാത്തവരാണ്. വേരില്ലാത്ത വൃക്ഷങ്ങൾക്ക് എങ്ങനെ പോഷണം ലഭിക്കും? ചെടിയെ മണ്ണിൽ എങ്ങനെ ഉറപ്പിച്ചു നിർത്തും? വെള്ളത്തിന്റെ ഗന്ധം ഉള്ളിടത്തേക്ക് വൃക്ഷത്തിന്റെ വേരുകൾ നീങ്ങിക്കൊണ്ടേയിരിക്കും. ഉണങ്ങി വരണ്ട മരുഭൂമിയുടെ നടുവിലാണ് നിൽക്കുന്നതെങ്കിലും കത്തിജ്വലിക്കുന്ന സൂര്യന് അഭിമുഖം എങ്കിലും, വേരുകൾ ഉറവ അന്വേഷിക്കുക നിമിത്തം ഫലപുഷ്ടമായി പന്തലിച്ചു നിൽക്കും. വിശുദ്ധജീവിതമെന്ന വേരുള്ളവർക്കു ജീവിതപാതയിലെ ശോധനകളെ അതിജീവിക്കുവാൻ കഴിയും.

വളരെ സന്തോഷത്തോടെ ചിലർ വചനം കൈക്കൊള്ളുന്നു എങ്കിലും വളർച്ചയെ തടയുന്ന പാറസ്ഥലങ്ങൾ അവരുടെ ഹൃദയത്തിലുണ്ട്. ഹൃദയകാഠിന്യം ആത്മീയ വളർച്ചയെ തടസ്സപ്പെടുത്തും. കർത്താവ് വചനം നൽകി തന്റെ ഹിതം അറിയിക്കുമെങ്കിലും, തങ്ങളുടെ അഭിപ്രായങ്ങളും യുക്തിചിന്തകളും ഹൃദയകാഠിന്യവും ആകുന്ന പാറസ്ഥലങ്ങളെ തകർക്കുവാൻ ദൈവത്തെ അനുവദിക്കാത്ത കാലത്തോളം ആർക്കും ആത്മീയമായി മുന്നേറുവാൻ കഴിയുകയില്ല.വചനം പാറയെ തകർക്കുന്ന ചുറ്റികയുടെ അനുഭവം അപ്രാപ്യമാകുന്നു. വചനത്തിന്റെ മുമ്പിൽ തകർന്നും നുറുങ്ങിയും ഉള്ള ഹൃദയം ഉള്ളവരിൽ മാത്രമേ ദൈവം തന്റെ ലക്ഷ്യങ്ങൾ സഫലമാക്കുകയുള്ളൂ. ●

# ന്യായാധിപ സംഘം

യേശുവിന്റെ കാലത്തും അതിനു മുമ്പും യഹൂദന്മാരുടെ പരമോന്നത നീതിന്യായ കോടതിയായിരുന്നു സന്നിദ്രീം എന്നും പേരുള്ള ന്യായാധിപ സംഘം. യിസ്രായേൽ ജനം മോശെക്കെതിരെ പിറുപിറുത്തപ്പോൾ മോശെ ദൈവ സന്നിധിയിൽ നിലവിളിക്കുകയും തൽഫലമായി യിസ്രായേൽ മൂപ്പന്മാരിൽ നിന്ന് 70 പേരെ തന്റെ സഹായത്തിനായി നിയമിക്കുവാൻ ദൈവം കൽപ്പിക്കുകയും ചെയ്തു (സംഖ്യ 11:16–25). ഇതാണ് സന്നിദ്രീം സംഘത്തിന്റെ തുടക്കമെന്ന് യഹൂദന്മാർ വിശ്വസിക്കുന്നു. സന്നിദ്രീമിലും 70 അംഗങ്ങളാണ് ഉണ്ടായിരുന്നത്. അപ്പോഴപ്പോൾ ചുമതലയുള്ള മഹാപുരോഹിതനായിരുന്നു സംഘത്തിന്റെ അദ്ധ്യക്ഷൻ. ക്രിസ്തുവിന്റെ കാലമായപ്പോൾ സന്നിദ്രീമിൽ ഏറ്റവും സ്വാധീനമുണ്ടായിരുന്നത് പരീശ വിഭാഗത്തിനായിരുന്നു.

പരാതികൾ കേൾക്കുന്നതിനും വിചാരണ നടത്തുന്നതിനും ശിക്ഷ വിധിക്കുന്നതിനും സന്നിദ്രീമിന് അധികാരമുണ്ടായിരുന്നു. കുറ്റവാളികളെ അറസ്റ്റ് ചെയ്ത് ഹാജരാക്കാൻ ഇവർക്ക് അധികാരവും അതിനായി പ്രത്യേക പോലീസ് വിഭാഗവും ഉണ്ടായിരുന്നു. എങ്കിലും ഈ മത കോടതിക്ക് മരണ ശിക്ഷക്കുള്ള അധികാരം ഉണ്ടായിരുന്നില്ല. ആർക്കെങ്കിലും മരണ ശിക്ഷയ്ക്ക് ശുപാർശ ചെയ്താൽ റോമൻ ഗവർണറുടെ അനുമതിയോടെ മാത്രമേ നടപ്പിലാക്കാൻ കഴിയുമായിരുന്നുള്ളൂ. യേശുവിന്റെ കാര്യത്തിൽ സന്നിദ്രീം സംഘം ഈ നടപടി പാലിക്കയുണ്ടായി.

രാത്രികാലങ്ങളിലും ശബത്ത് നാളുകളിലും മറ്റു പെരുന്നാൾ ദിവസങ്ങളിലും ന്യായാധിപ സംഘം കൂടുന്നത് നിയമവിരുദ്ധമായിരുന്നു. •

## വചനത്തിന്റെ വിത്ത് വിതയ്ക്കാം...

'മഴയും ഹിമവും ആകാശത്തുനിന്നു പെയ്യുകയും അവിടേക്കു മടങ്ങാതെ വിതപ്പാൻ വിത്തും തിന്മാൻ ആഹാരവും നല്കത്തക്കവണ്ണം ഭൂമിയെ നനച്ചു ഫലവത്താക്കി വിളയിക്കുന്നതുപോലെ, എന്റെ വായിൽനിന്നു പുറപ്പെടുന്ന എന്റെ വചനം വെറുതെ എന്റെ അടുക്കലേക്കു മടങ്ങിവരാതെ എനിക്കു ഇഷ്ടമുള്ളതു നിവർത്തിക്കയും ഞാൻ അയച്ച കാര്യം സാധിപ്പിക്കയും ചെയ്യും'(യെശയ്യാവ് 55:10,11). ഒട്ടേറെപ്പേർ ഇന്ന് പലവിധത്തിൽ ദൈവവചനം പ്രചരിപ്പിക്കുന്നുണ്ട്. ദൈവരാജ്യം ദൈവവചനത്തിലൂടെ പ്രചരിപ്പിക്കുന്നത് മണ്ണിൽ വിതച്ച വിത്തിന് സദൃശ്യമാണ്. ഹൃദയമാകുന്ന നിലത്തു വിതക്കപ്പെട്ട വചനം ഒട്ടേറെ കാലം അവിടെ നിഷ്ക്രിയമായി കിടന്നുവെന്നും വരാം. പക്ഷേ അതൊരിക്കലും നശിച്ചു പോകുന്നില്ല. മണ്ണിൽ ഉറങ്ങിക്കിടക്കുന്ന വിത്തിന് ജീവൻ നൽകുന്നത് മഞ്ഞും മഴയും ആണ്. ഇതുപോലെ തന്നെ, ഹൃദയങ്ങളിൽ വിതക്കപ്പെട്ട വചനം പൊട്ടിമുളയ്ക്കുന്നത് ഉന്നതങ്ങളിൽ നിന്നു പരിശുദ്ധാത്മാവ് ആഗതനാകുമ്പോഴാണ്. ലോകമെങ്ങും പോയി വചനമാകുന്ന വിത്ത് വിത്യ്ക്കുകയാണ് ക്രിസ്തുശിഷ്യരെ യേശുകർത്താവ് ഭരമേല്പിച്ച മഹാനിയോഗം. അതെപ്പോൾ പൊട്ടിമുളക്കുന്നു, എങ്ങിനെ വളരുന്നു, എത്രത്തോളം ഫലം തരുന്നു എന്നിങ്ങനെയുള്ള കാര്യങ്ങൾ ഓർത്ത് നാം ആകുലപ്പെടേണ്ടതില്ല. ഇക്കാരണത്താലാണ് യേശു വളരെക്കുറഞ്ഞ കാലയളവിൽ പലസ്തീനിൽ മാത്രം വചനം വിതച്ചത്. അത് ഫലരഹിതമാകാതെ ലോകമെങ്ങും വ്യാപിക്കുമെന്ന് കർത്താവിനറിയാമായിരുന്നു. ഈ മഹാനിയോഗത്തിൽ നമുക്കും വലിയ ഒരു ഉത്തരവാദിത്തമുണ്ട്. തദനുസരണം ഭൂലോകത്തിന്റെ അറുതിയോളം പോയി യേശുവിന്റെ സാക്ഷികൾ ആകുവാൻ നമുക്ക് കഴിയട്ടെ. •



സുജ വിനു



# ‘അബലകളെങ്കിലും ബലമുള്ളവർ’

**പ**തിനാറു വയസ്സുള്ള ഒരു പെൺകുട്ടി, ഒരു വേദപുസ്തകം സ്വന്തമാക്കുന്നതിന് വേണ്ടി, നഗ്നപാദയായി 26-ൽ പരം മൈലുകൾ ഒറ്റയ്ക്ക് ഒരു പദയാത്ര നടത്തിയതിനെപ്പറ്റി കേട്ടിട്ടുണ്ടോ? അവളുടെ ആ ഒറ്റയാൾ നടത്തം ലോകമെങ്ങും അനേകലക്ഷം ആളുകളിലേക്ക് ബൈബിൾ എത്തിക്കുക എന്ന ലക്ഷ്യവും നിറവേറ്റിയതായി നമ്മിൽ പലരും അറിഞ്ഞിട്ടുണ്ടാവുകയില്ല.

1784 ഡിസംബർ 16ന് വെയിൽസിലെ ഒരു ദരിദ്രഗ്രാമത്തിൽ ജനിച്ച മേരി ജോൺസ് എന്ന ബാലികയാണ് നമ്മുടെ കഥാനായിക. ഭൗതികമായി സമ്പന്നർ അല്ലെങ്കിലും വിശ്വാസപരമായി,സത്യദൈവവിഷയത്തിൽ ധനാഢ്യയായിരുന്നു, ജേക്കബ്ജോൺസിന്റെയും മേരി ജോൺസിന്റെയും കുടുംബം. എഴുത്തോ വായനയോ അറിയാത്ത ആ ഗ്രാമീണ ദമ്പതികളുടെ മകളായി, അമ്മയുടെ അതേ പേരുകാരിയായി മേരി ജോൺസ് പിറന്നു. മാതാപിതാക്കൾ പറഞ്ഞു കൊടുക്കുന്നതും ഞായറാഴ്ച കൂട്ടായ്മകളിൽ പാസ്റ്റർ പ്രസംഗിക്കുന്നതുമായ ബൈബിൾ കഥകൾ മേരിയെ ഹഠാദാകർഷിച്ചു. ആ കഥകൾ സ്വയം വായിക്കണമെന്ന ചിന്ത, ഒരു വേദപുസ്തകം സ്വന്തമാക്കണമെന്ന ആഗ്രഹത്തിലേക്ക് മേരിയെ നയിച്ചു. പുസ്തകങ്ങൾ അപൂർവ്വവും വിലപിടിപ്പുള്ളതുമായിരുന്ന, വായിക്കാൻ അറിയാവുന്നവർ വിരളമായിരുന്ന ആ കാലത്ത് മേരിയുടെ സ്വപ്നം തികച്ചും അസാധ്യം എന്ന് തോന്നിയേക്കാം. പക്ഷേ തീക്ഷ്ണമായ ആഗ്രഹം അവളെ കർമ്മനിരതയാക്കി.

വനത്തിൽ നിന്ന് വിറക് ശേഖരിച്ച് വിറ്റും, ചെറിയ കുഞ്ഞുങ്ങൾക്ക് ആയയായിരുന്നും കുഞ്ഞുമേരി പണം സമ്പാദിച്ചു തുടങ്ങി. കുറച്ചു തുകയായപ്പോൾ അവൾ കോഴികളെ വാങ്ങി വളർത്തി മുട്ട വിറ്റും തന്റെ സ്വപ്ന സാഫല്യത്തിനായി യത്നിച്ചുകൊണ്ടിരുന്നു. പക്ഷേ പത്താം വയസ്സിൽ തന്റെ പിതാവിന് പിടിപെട്ട രോഗം, നാലുവർഷത്തെ അവളുടെ സമ്പാദ്യം മുഴുവൻ കുടുംബത്തിന് നൽകേണ്ട സാഹചര്യമുണ്ടാക്കി. മേരി നിരാശപ്പെട്ടില്ല. തുന്നൽ കൂടി പഠിച്ച് അവൾ പൂർവ്വാധികം ഉത്സാഹത്തോടെ പണം സമ്പാദിക്കുന്നത് തുടർന്നു. ആറു വർഷത്തെ കഠിനാധ്വാനം കൊണ്ട് ഒരു ബൈബിൾ വാങ്ങാനുള്ള തുക അവൾക്ക് സ്വരുക്കൂട്ടാൻ കഴിഞ്ഞു.

പത്തുവർഷത്തെ തന്റെ അധ്വാനവും സ്വപ്നവും സഫലമാകുമെന്ന പ്രതീക്ഷയിൽ മേരി തന്റെ പാസ്റ്ററെ സമീപിച്ചു. അപ്പോഴാണ്, അവിടെയുള്ള ഒരേയൊരു ബൈബിൾ വിൽക്കാനുള്ളതല്ല എന്ന് മനസ്സിലാകുന്നത്. ഒരു ബൈബിൾ എന്ന സ്വപ്നം മേരിയിൽ മുളപൊട്ടുന്ന സമയത്ത്, ആ ഗ്രാമത്തിൽ ഒരു വിദ്യാലയം പോലും ഉണ്ടായിരുന്നില്ല. തനിക്ക് വായിക്കാൻ അറിയില്ല എന്നത്, ഒരു പരിമിതിയായി തോന്നാത്തവണ്ണം അത്ര തീക്ഷ്ണമായ അഭിവാഞ്ഛയായിരുന്നു അവൾക്ക് വചനത്തോട്. അവളുടെ ഹൃദയവാഞ്ഛ കണ്ടറിഞ്ഞെന്നവണ്ണം ദൈവം അവളുടെ ഗ്രാമത്തിൽ ഒരു സ്കൂൾ കൊണ്ടുവരികയും പത്താം വയസ്സിൽ പഠനം തുടങ്ങാൻ

മേരിക്ക് അവസരം ലഭിക്കുകയും ചെയ്തു. വളരെ പെട്ടെന്ന് സ്കൂളിലെ ഏറ്റവും മിടുക്കിയായ വിദ്യാർത്ഥിനിയായി മേരി. വായിക്കാൻ കഴിയുമെന്നത്, ബൈബിൾ സ്വന്തമാക്കാനുള്ള അവളുടെ ആഗ്രഹത്തെ പിന്നെയും വർദ്ധിപ്പിച്ചു.

തന്റെ ഗ്രാമത്തിൽ നിന്ന് 26 മൈൽ അകലെയുള്ള ബാല എന്ന പട്ടണത്തിൽ താമസിക്കുന്ന റവറന്റ് തോമസ് ചാൾസിന്റെ കൈവശം ബൈബിൾ വിൽക്കാനുണ്ടെന്നറിഞ്ഞ മേരി, നിസ്സംശയം ആ ദൂരം നടക്കാൻ തീരുമാനിച്ചു. പട്ടണത്തിൽ ഉപയോഗിക്കേണ്ടത് കൊണ്ട്, അവൾ തന്റെ ചെരിപ്പ് ബാഗിലാക്കിയാണ് നടത്തം ആരംഭിച്ചത്. ഒരു പകലിന്റെ ദൂരം മുഴുവനും നടന്നു താണ്ടിയ മേരിയുടെ പ്രതീക്ഷകൾക്ക് മങ്ങൽ ഏൽപ്പിച്ചുകൊണ്ട്, തോമസ് ചാൾസിന്റെ കൈവശം, മുൻകൂർ പണം വാങ്ങി വിൽപ്പന ഉറപ്പിച്ചു വച്ചിരുന്ന ഒരു ബൈബിൾ മാത്രമേ ഉള്ളൂ എന്ന അറിവാണ് അവളെ വരവേറ്റത്. അദ്ദേഹം ഈ വിവരം മേരിയോട് പറഞ്ഞപ്പോൾ മേരി നിയന്ത്രണം വിട്ട് പൊട്ടിക്കരഞ്ഞു. അമ്പരന്നുപോയ തോമസ് അവളോട് കാര്യം തിരക്കുകയും അവൾ തന്റെ സ്വപ്നവും അതിനുവേണ്ടി താൻ ചെയ്ത കഠിന ശ്രമവുമെല്ലാം അദ്ദേഹത്തോട് പറയുകയും ചെയ്തു. മേരിയുടെ കഥ കേട്ട തോമസ്, വിറ്റു പോയതും തന്റെ കൈവശമുണ്ടായിരുന്ന അവസാനത്തേതുമായ ബൈബിൾ മേരിക്കു കൊടുത്തു. പണം നൽകിയ ആൾക്ക് മറ്റൊരു ബൈബിൾ വരുത്തിക്കൊടുക്കുവാനുള്ള ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ടാണ് അദ്ദേഹം അങ്ങനെ തീരുമാനിച്ചത്.

തന്റെ ലക്ഷ്യം സാക്ഷാത്കരിച്ച സന്തോഷത്തോടെ മേരി മടങ്ങിയെങ്കിലും അവളുടെ കണ്ണീരും സമർപ്പണത്തോടെയുള്ള വചന ദാഹവും തോമസിനെ ചിന്താധീനനാക്കി. ദൈവവചനം അത് ആഗ്രഹിക്കുന്നവർക്ക് പ്രാപ്യമാക്കാൻ അടിയന്തരശ്രമങ്ങൾ ആവശ്യമാണെന്ന് അദ്ദേഹത്തിന് ബോധ്യമായി. കുറഞ്ഞ നിരക്കിലോ സൗജന്യമായോ ബൈബിൾ വിതരണം ചെയ്യണമെന്ന ഉദ്ദേശ്യത്തോടെ, വ്യത്യസ്ത ക്രിസ്തീയ വിഭാഗങ്ങളിൽ നിന്നായി 300 അംഗങ്ങൾ ചേർന്ന് 'റിലിജിയസ് ട്രാക്റ്റ്സ് സൊസൈറ്റി'എന്ന സംഘടന രൂപം കൊണ്ടു. ബൈബിൾ ഭാഷാന്തരം ചെയ്യാനും, അച്ചടിക്കാനും, വിതരണം ചെയ്യാനുമായി രൂപംകൊണ്ട ഈ സംഘടനയിൽ നിന്നാണ്, പിന്നീട് ലോകമെങ്ങും പല ഭാഷകളിലും ദേശങ്ങളിലുമുള്ള ബൈബിൾ സൊസൈറ്റികൾ, പ്രചോദനമുൾക്കൊണ്ടത്. തന്റെ എഴുപതാം വയസ്സിൽ മേരി ബൈബിൾ സൊസൈറ്റിക്ക് ഒരു 'സോവ്റിൻ' സംഭാവന ചെയ്തതായും ചരിത്രം പറയുന്നു 1854 ൽ ഒരു സോവ്റിൻ എന്നത് സാമാന്യം വലിയൊരു തുക തന്നെയായിരുന്നു. ജീവിതകാലം മുഴുവനും വിശ്വസ്തതയോടെയും വചനാനുവർത്തിയായും ജീവിച്ച മേരി എൺപതാം വയസ്സിൽ ക്രിസ്തുവിൽ ചേർക്കപ്പെട്ടു.

സുവിശേഷ പ്രവർത്തകരും മിഷനറിമാരുമൊക്കെ, ശ്രദ്ധാർഹമായ വേലകളിലേർപ്പെടുമ്പോൾ, ചരിത്രപരമായി പ്രാധാന്യമുള്ള തീരുമാനങ്ങൾക്ക് നിമിത്തമാകുവാൻ, പിന്നണിയിൽ നിൽക്കുവാൻ, ത്യാഗോജ്വലമായ സ്ത്രീ ജീവിതങ്ങളെ ദൈവം കാലാകാലങ്ങളിൽ തിരഞ്ഞെടുക്കുന്നു. വേദപുസ്തകം സാക്ഷിക്കുന്ന ധീര വനിതകൾ മാത്രമല്ല, ഈ കാലത്തും ക്രിസ്തു തന്റെ രക്ഷയെ ലോകത്തോട് ഘോഷിക്കുവാൻ, ഓരോ നിയോഗങ്ങളുമായി ഓരോരുത്തരെയും തെരഞ്ഞെടുക്കുമ്പോൾ ആ മഹത്വപൂർണ്ണമായ പദ്ധതിയുടെ ഭാഗമാകാൻ കഴിയുക എന്ന മഹാഭാഗ്യം നേടിയ അനേകം വനിതകൾ അധികമാരാലും പരാമർശിക്കപ്പെടാതെ, ചരിത്രത്തിന്റെ നാൾവഴികളിൽ സാക്ഷികളായുണ്ട്.

അക്ഷരാഭ്യാസമോ സമ്പത്സമൃദ്ധിയോ ലോകം അംഗീകരിക്കുന്ന വലിയ യോഗ്യതകളോ ഒന്നുമില്ലാത്ത ഒരു സാധാരണ പെൺകുട്ടിയിലൂടെ ദൈവം ചെയ്ത മഹത്തായ പ്രവൃത്തി നമ്മെ ഏറെ പ്രചോദിപ്പിക്കട്ടെ. ഈ പശ്ചാത്തലത്തിൽ നമുക്ക് നമ്മോടുതന്നെ ചോദിക്കാം, വിവിധ വേർഷനുകളിലും ഭാഷകളിലും ഒന്നിലധികം ബൈബിളുകൾ കൈവശമുള്ള നാം, ഇവൾ കാണിച്ച ആർത്തിയും ഉത്സാഹവും വചനപഠനത്തിൽ പ്രവർത്തികമാക്കുന്നുണ്ടോ? നഷ്ടപ്പെടുന്ന ആത്മാക്കളെക്കുറിച്ചുള്ള ഭാരവുമായി, സഹോദരിമാരെ നമുക്ക് ദൈവസന്നിധിയിൽ മുട്ടുമടക്കാം. സുവിശേഷം, ലോകത്തോട് വിളിച്ചു പറയാൻ, ദൈവഹിതപ്രകാരമുള്ള പദ്ധതികളിലെ പങ്കാളിത്തം നമുക്കും അവകാശപ്പെട്ടതാകയാൽ, 'അവൻ നമ്മോട് പറയുന്നത് ചെയ്യുവാൻ' ഒരുക്കമുള്ളവരായി നമ്മുടെ ജീവിതങ്ങളെ തിരുമുമ്പിൽ സമർപ്പിക്കാം. ബലഹീനതകളെ 'കർത്താവിന്റെ അമിതബലത്തിലുള്ള ശരണത്താൽ' മറികടക്കുവാൻ നമുക്കും കൃപ ചോദിക്കാം. •

# സേലാ, തന്ത്രിനാദം

സങ്കീർത്തന പുസ്തകത്തിന്റെ എബ്രായ പേര് 'സഫെർ തേഹില്ലിം' എന്നും ആ വാക്കിന്റെ അർഥം സ്തുതികളുടെ പുസ്തകം എന്നുമാണ്. ഇതിന്റെ ഗ്രീക്കു വാക്കായ സാൽമോയ് (Psalmoi) എന്ന പദത്തിൽ നിന്നാണ് Psalms എന്ന ഇംഗ്ലീഷ് വാക്ക് ഉണ്ടായത്. ഗീതങ്ങൾ എന്നാണ് ഇതിനർഥം. വാദ്യ ഉപകരണങ്ങൾ ഉപയോഗിച്ച് പാടാനായി ഉദ്ദേശിച്ചുള്ളതാണ് സങ്കീർത്തനങ്ങൾ. ഇവ മുഴുവനും ഗാനങ്ങൾ ആയതിനാൽ, ഇന്ന സങ്കീർത്തനം എന്നു വ്യക്തമാക്കുവാൻ അധ്യായം എന്ന വാക്കു ഉപയോഗിക്കാറില്ല.

സേലാ, തന്ത്രിനാദം എന്നി പ്രയോഗങ്ങൾ ചില സങ്കീർത്തനങ്ങളിൽ കാണാറുണ്ട്. എബ്രായഭാഷയിലുള്ള ഈ വാക്കുകൾക്ക് താഴെപ്പറയുന്ന പ്രകാരം വിവിധ നിലയിലുള്ള അർഥം വേദപണ്ഡിതന്മാർ നൽകുന്നു.

**സേലാ**

1. സങ്കീർത്തനങ്ങൾ പാടുമ്പോൾ ഒന്നു നിർത്തി ചിന്തിക്കുവാനും സ്തോത്രം പറയുവാനും.
2. പാട്ടിന്റെ ആ വരികൾ വീണ്ടും ആവർത്തിക്കുവാൻ.
3. ശബ്ദം ഉയർത്തി (High Pitch) ഉപകരണങ്ങൾ ഉപയോഗിച്ച് പാടുവാൻ.

എങ്കിലും ഈ വാക്കിന്റെ തനതായ അർഥം വ്യക്തമല്ല. പാട്ടുകളിൽ മാത്രമാണ് ഇത് ഉപയോഗിക്കാറുള്ളത്.

ചില സങ്കീർത്തനങ്ങളിൽ ചരണങ്ങളെ തിരിക്കാനായി ഇത് ഉപയോഗിക്കുന്നു. സങ്കീർത്തനം 3 ൽ, ഒരു വിഷയത്തിൽ നിന്ന് മറ്റൊരു വിഷയത്തിലേക്കു മാറുന്നിടത്താണ് ഇതു കാണുന്നത്. സങ്കീ 44 ൽ ഒരു ഉദ്ധരണിയുടെ അവസാനത്തിലാണ് ഇതു കാണുന്നത് എന്നാൽ 66 ൽ ഇത് ഉദ്ധരണിയുടെ മധ്യത്തിലാണ് കാണുന്നത്.

സങ്കീർത്തനത്തിന്റെ ആലാപനമോ, വാദ്യോപകരണങ്ങളുടെ ഉപയോഗം സംബന്ധിച്ചോ ഉള്ള ഏതോ നിർദ്ദേശമാണ് ഇതിലുള്ളത് എന്ന് ചിന്തിക്കാം. കാരണം സേലാ ഉപയോഗിച്ചിരിക്കുന്ന മിക്ക സങ്കീർത്തനങ്ങളിലും സംഗീതവുമായി ബന്ധപ്പെട്ട ശീർഷകം കാണാം. പുരാതന കാലത്തെ വ്യാഖ്യാതാക്കൾ ഇതു സംബന്ധിച്ചു വളരെ വ്യത്യസ്തമായ കാഴ്ചപ്പാടുകളാണ് വച്ചുപുലർത്തിയിരുന്നത്. സെപ്റ്റുവജിന്റ് പരിഭാഷയിൽ ഇതിനെ 'താൽക്കാലിക വിരാമം', 'സംഗീത ഇടവേള' (ആലാപനം നിർത്തി ഉപകരണ സംഗീതം മാത്രം), 'ഉച്ചശബ്ദം' എന്നോ അർഥം വരാവുന്ന പദം ഉപയോഗിച്ചാണ് പരിഭാഷപ്പെടുത്തിയിരിക്കുന്നത്. ജെറോം എന്ന പുരാതന പണ്ഡിതന്റെ അഭിപ്രായത്തിൽ 'എന്നേക്കും' എന്നാണ് ഇതിന്റെ അർഥം.

**തന്ത്രിനാദം**

'ഹിഗ്ഗായോൻ' എന്ന എബ്രായ പദം സങ്കീർത്തനം 9 : 16 ൽ തന്ത്രിനാദം എന്ന് തർജ്ജിമ ചെയ്തിരിക്കുന്നു. ഇത് സംഗീത ശാസ്ത്രത്തിലെ ഒരു സംജ്ഞയായിരിക്കാം. സേലാ എന്ന സംജ്ഞയോട് ചേർത്തുപറഞ്ഞിരിക്കയാൽ ഇത് ഉച്ചനാദത്തിൽ (High pitch) യഹോവയെ സ്തുതിക്കുന്നതിനുള്ള സന്ദർഭത്തെ കുറിക്കുന്നു. 'ഹിഗ്ഗായോൻ' സങ്കീർത്തനം 92:2 ൽ ഗംഭീര സ്വരം എന്നു തർജ്ജിമ ചെയ്തിട്ടുണ്ട്. 'തന്ത്രിനാദം' എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്ന പദത്തിന്റെ ധാതുവിന് കമ്പികളിൽ വിരലോടിക്കുക എന്നാണ് അർഥം. ഇത്തരം വാദ്യോപകരണങ്ങളുടെ അകമ്പടിയോടെ പാടുന്ന ഗീതങ്ങൾ ആയിരിക്കാം ഇവ.



## മത്തായിയുടെ സുവിശേഷത്തിലെ ആത്മികമർമ്മങ്ങൾ

ജോയ് എം. തോമസ്

# അകം വെടിപ്പാകട്ടെ

***കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്കു ഹാ കഷ്ടം; നിങ്ങൾ കിണ്ടികിണ്ണങ്ങളുടെ പുറം വെടിപ്പാക്കുന്നു; അകത്തോ കവർച്ചയും അതിക്രമവും നിറഞ്ഞിരിക്കുന്നു. കുരുടനായ പരീശനേ, കിണ്ടികിണ്ണങ്ങളുടെ പുറം വെടിപ്പാക്കേണ്ടതിനു മുമ്പേ അവയുടെ അകം വെടിപ്പാക്കുക. കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്കു ഹാ കഷ്ടം; വെള്ളതേച്ച ശവക്കല്ലറകളോടു നിങ്ങൾ ഒത്തിരിക്കുന്നു; അവ പുറമേ അഴകായി ശോഭിക്കുന്നെങ്കിലും അകമേ ചത്തവരുടെ അസ്ഥികളും സകലവിധ അശുദ്ധിയും നിറഞ്ഞിരിക്കുന്നു. അങ്ങനെതന്നെ പുറമേ നിങ്ങൾ നീതിമാന്മാർ എന്നു മനുഷ്യർക്കു തോന്നുന്നു; അകമേയോ കപടഭക്തിയും അധർമ്മവും നിറഞ്ഞവരത്രേ. (മത്തായി 23: 25 -28)***

പരീശന്മാരുടെയും ശാസ്ത്രിമാരുടെയും ഉപദേശത്തിലും ജീവിതത്തിലും ഉണ്ടായിരുന്ന ഭോഷത്തങ്ങളെയാണ് കർത്താവ് അവർക്കു ചൂണ്ടിക്കാട്ടിയത്. ആചാര വിശുദ്ധിക്കു (Ritual Purity) വലിയ പ്രാധാന്യം കൊടുത്ത അവർ അകത്തെ വിശുദ്ധി (Inner Purity) അവഗണിച്ചു. ഈ ഭോഷത്വം അവർ മനസ്സിലാക്കാതെ പിന്തുടർന്നു വരികയാണ്. സ്വയം നീതീകരിച്ചുകൊണ്ട്, തങ്ങളുടെ തെറ്റായ ചിന്താഗതിയിലും വിശ്വാസത്തിലും ഹൃദയം കഠിനപ്പെട്ടുപോയ അവർ മാനസാന്തരപ്പെടുവാൻ കഴിവില്ലാത്തവരായി തീർന്നു. ഇന്നും അനേകർ ഈ ഭോഷത്വം തന്നെ കാണിക്കുകയല്ലേ?

അകം വെടിപ്പാക്കാതെ കിണ്ടി കിണ്ണങ്ങളുടെ പുറം മാത്രം വെടിപ്പാക്കുന്നത് പോലെയാണ് കപടഭക്തിക്കാരുടെയും അവസ്ഥ. പുറമേ ഭക്തരായി മനുഷ്യരുടെ മുമ്പിൽ അവർ കാണപ്പെടുന്നു. എന്നാൽ അവരുടെ അകത്ത് കവർച്ചയും അതിക്രമവും നിറഞ്ഞിരിക്കുകയാണ്. ബാഹ്യഭക്തി പ്രകടനങ്ങളാൽ അവർ മറ്റുള്ളവരെ വഞ്ചിക്കുകയും ചൂഷണം ചെയ്യുകയും ആണ്. ഇത് ഭോഷത്വമാണെന്ന് അവർ തിരിച്ചറിയുന്നുമില്ല.

കർത്താവ് അവരിൽ ഓരോരുത്തരെയും 'കുരുടനായ പരീശനെ' എന്നാണ് സംബോധന ചെയ്യുന്നത്. അവരുടെ യഥാർത്ഥ ഹൃദയാവസ്ഥ കാണുവാൻ കഴിയാത്ത കുരുടന്മാർ! കർത്താവു അവരോടു പറയുന്നു, 'കിണ്ടി കിണ്ണങ്ങളുടെ പുറം വെടിപ്പാകേണ്ടതിനു മുമ്പേ അവയുടെ അകം വെടിപ്പാക്കുക. 'ഭക്ഷണപാത്രവും പാനപാത്രവും അകം വെടിപ്പാക്കിക്കൊണ്ടാണല്ലോ പുറം വെടിപ്പാക്കുന്നത്. അകമാണല്ലോ ഏറ്റവും പ്രധാനപ്പെട്ടത്. ഭക്തിയുടെ

ബാഹ്യപ്രകടനങ്ങളെക്കാൾ പ്രാധാന്യം അർഹിക്കുന്നത് ഹൃദയശുദ്ധിയാണ്. അകം വെടിപ്പാക്കുന്നതിൽ ശ്രദ്ധിക്കാതെ ഇന്നും അനേകർ ഭക്തി ബാഹ്യമായ കാര്യങ്ങളിലൂടെ വെളിപ്പെടുത്തി യഥാർത്ഥത്തിൽ കപടഭക്തരായി തീർന്നിരിക്കുന്നു.

അകത്തുള്ള ഭക്തിയാണ് പുറത്ത് വെളിപ്പെടേണ്ടത്. അത് തനിയെ വെളിപ്പെടേണ്ടതാണ്. അല്ലാതെ മന:പ്പൂർവ്വം, എന്തെങ്കിലുമൊക്കെ ചെയ്തു നാം വെളിപ്പെടുത്തേണ്ടതല്ല. മനുഷ്യരാലുള്ള അംഗീകാരമല്ല ഒരു യഥാർത്ഥ ഭക്തന്റെ നോട്ടം, പ്രത്യുത, ദൈവത്താൽ ഉള്ള അംഗീകാരമാണ്. പരീശൻ അവഗണിച്ച യാഥാർത്ഥ്യവും ഇതാണ്. അതിനാൽ അവൻ കുരുടനായി പോയി.

**അകത്തുള്ള ഭക്തിയാണ് പുറത്ത് വെളിപ്പെടേണ്ടത്. അത് തനിയെ വെളിപ്പെടേണ്ടതാണ്. അല്ലാതെ മന:പ്പൂർവ്വം, എന്തെങ്കിലുമൊക്കെ ചെയ്തു നാം വെളിപ്പെടുത്തേണ്ടതല്ല. മനുഷരാലുള്ള അംഗീകാരമല്ല ഒരു യഥാർത്ഥ ഭക്തന്റെ നോട്ടം,**

വിശുദ്ധി മുളയ്ക്കേണ്ടത് ഹൃദയത്തിലാണ്. ചിന്തകൾ വിശുദ്ധമായാൽ മാത്രമേ ജീവിതം വിശുദ്ധമാകയുള്ളൂ. അകത്തുള്ള വിശുദ്ധി പുറത്തു വെളിപ്പെടുമ്പോൾ ബാഹ്യകാര്യങ്ങളിൽ - പ്രവർത്തിയിൽ, സംസാരത്തിൽ, നടപ്പിൽ, എല്ലാം വിശുദ്ധി വെളിപ്പെടും. വിശുദ്ധിയിൽ ഊന്നിയുള്ള ജീവിതശൈലി രൂപപ്പെടും. അങ്ങനെയാണ് അവരെ മറ്റുള്ളവർ വിശുദ്ധരായി, ഭക്തരായി തിരിച്ചറിയുന്നത്. അപ്രകാരം ഒരു സാക്ഷ്യം ആണ് നാം ഓരോരുത്തരും പ്രാപിക്കേണ്ടത്.

ഹൃദയങ്ങളെ പരിശോധിക്കുന്നവനാണ് ദൈവം. ഹൃദയത്തിന്റെ നിലവാരം മനസ്സിലാക്കിയാണ് ദൈവം ഒരുവനിൽ പ്രസാദിക്കുന്നത്. എന്നാൽ പുറമേ നോക്കുന്ന പ്രകൃതക്കാരാണ് മനുഷ്യൻ. മനുഷ്യനു പുറമേയുള്ളത് മാത്രമേ കാണുവാൻ കഴിയുകയുള്ളൂ എന്നതാണ് വാസ്തവം. ‘യഹോവ ശമൂവേലിനോടു അവന്റെ മുഖമോ പൊക്കമോ നോക്കരുതു; ഞാൻ അവനെ തള്ളിയിരിക്കുന്നു. മുനഷ്യൻ നോക്കുന്നതു പോലെയല്ല; മനുഷ്യൻ കണ്ണിന്നു കാണുന്നതു നോക്കുന്നു; യഹോവയോ ഹൃദയത്തെ നോക്കുന്നു എന്നു അരുളിച്ചെയ്തു’(1 ശമുവേൽ 16:7). ഈ പരമാർത്ഥം തിരിച്ചറിയുന്നവർ ഹൃദയം വിശുദ്ധമാകുവാൻ ആഗ്രഹിക്കും, പ്രാർത്ഥിക്കും. അങ്ങനെയുള്ളവർ ദൈവത്തിന്റെ കൃപ പ്രാപിക്കുകയും വിശുദ്ധിയിൽ വളരുവാൻ ഇടയാവുകയും ചെയ്യും.

ദാവീദ്, തന്റെ ജീവിതത്തിൽ പറ്റിയ വലിയ ഭോഷത്വം മറച്ചുവെച്ചു, യാഗങ്ങൾ കഴിച്ചു മറ്റു ആത്മീയതയുടെ ബാഹ്യ കാര്യങ്ങൾ നിർവഹിച്ചു മുന്നോട്ടു പോകാം എന്ന് ചിന്തിച്ചു. എന്നാൽ അത് സാധ്യമല്ലെന്ന് ദാവീദിന് മനസ്സിലായി. ദാവീദ് തന്റെ വലിയ തെറ്റ് മനസ്സിലാക്കി പശ്ചാത്തപിച്ച് കരഞ്ഞു. ദാവീദ് ദൈവത്തോട് ഏറ്റു പറഞ്ഞു: ‘അന്തർഭാഗത്തിലെ സത്യമല്ലോ നീ ഇച്ഛിക്കുന്നതു, അന്തരംഗത്തിൽ എന്നെ ജ്ഞാനം ഗ്രഹിപ്പിക്കേണമേ (സങ്കീർത്തനം 51: 6). ദൈവമേ, നിർമ്മലമായ ഒരു ഹൃദയം എന്നിൽ സൃഷ്ടിച്ചു സ്ഥിരമായ ഒരു ആത്മാവിനെ എന്നിൽ പുതുക്കേണമേ (സങ്കീർത്തനം 51: 10). വീണ്ടും ദാവീദ് ഗ്രഹിച്ച സത്യം ഏറ്റു പറയുന്നു, ‘ഹനനയാഗം നീ ഇച്ഛിക്കുന്നില്ല, അല്ലെങ്കിൽ ഞാൻ അർപ്പിക്കുമായിരുന്നു, ഹോമയാഗത്തിൽ നിനക്ക് പ്രസാദവുമില്ല. ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സ്, തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ ദൈവമേ, നീ നിരസിക്കുകയില്ല(സങ്കീർത്തനം 51: 16, 17). ഈ യാഥാർത്ഥ്യങ്ങൾ ഗ്രഹിക്കുകയും ജീവിതത്തിൽ വന്ന തെറ്റുകൾ ഏറ്റുപറഞ്ഞ് ശുദ്ധീകരണം പ്രാപിച്ച് വിശുദ്ധിയിൽ വളരുവാൻ കഴിഞ്ഞതുകൊണ്ടല്ലേ ‘ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള മനുഷ്യൻ’ എന്ന് ദാവീദ് സാക്ഷ്യം പ്രാപിച്ചത്?

ദൈവം യിരെമ്യാവിൽ കൂടി അരുളിച്ചെയ്തു: ‘ഹൃദയം എല്ലാറ്റിനെക്കാളും കപടവും വിഷമവും ഉള്ളത്, അത് ആരാഞ്ഞറിയുന്നവൻ ആര്? യഹോവയായ ഞാൻ ഹൃദയത്തെ ശോധന ചെയ്ത് അന്ത:രംഗങ്ങളെ പരീക്ഷിച്ചു ഓരോരുത്തനു അവനവന്റെ നടപ്പിനും പ്രവൃത്തിയുടെ ഫലത്തിനും തക്കവണ്ണം കൊടുക്കുന്നു (യിരെമ്യാവ് 17: 9,10) യേശുകർത്താവ് അരുളിച്ചെയ്തിരിക്കുന്നു: ‘വായിൽ നിന്ന് പുറപ്പെടുന്നതോ ഹൃദയത്തിൽ നിന്ന് വരുന്നു, അത് മനുഷ്യനെ അശുദ്ധമാക്കുന്നു. എങ്ങനെ എന്നാൽ, ദുശ്ചിന്ത, കൊലപാതകം, വ്യഭി

ചാരം, പരസംഗം, മോഷണം, കള്ളസാക്ഷ്യം, ദൂഷണം എന്നിവ ഹൃദയത്തിൽ നിന്ന് പുറപ്പെട്ടു വരുന്നു. മനുഷ്യനെ അശുദ്ധമാക്കുന്നത് ഇതത്രേ (മത്തായി 15: 18 - 20). കിണ്ടി കിണ്ണങ്ങളുടെ പുറം വെടിപ്പാകേണ്ടതിനു മുമ്പേ അവയുടെ അകം വെടിപ്പാക്കുക' എന്നു കർത്താവ് അരുളി ചെയ്യുന്ന സത്യം നമുക്ക് ഗ്രഹിക്കാം. അകം വെടിപ്പാക്കാതെ പുറം വെടിപ്പാകുകയില്ല എന്നതാണ് വാസ്തവം!

കപടഭക്തിക്കാരായ ശാസ്ത്രിമാരെയും പരീശന്മാരെയും കർത്താവ് ഉപമിച്ചിരിക്കുന്നതു വെള്ളതേച്ച ശവക്കല്ലറകളോടാണ്. വെള്ളതേച്ച ശവക്കല്ലറ പുറമേ നല്ല അഴകായി ശോഭിക്കുന്നു, എന്നാൽ അകത്ത് എന്താണുള്ളത്? മരിച്ചവരുടെ ജീർണ്ണിച്ച ശരീരാവശിഷ്ടങ്ങളും അസ്ഥികളും മാത്രം! കപട ഭക്തരുടെ ജീവിതം അതുപോലെയാണ്. പുറമെ അവർ നീതിമാന്മാരായി മനുഷ്യർക്ക് തോന്നും. മനുഷ്യർ കാൺകെ ഭക്തിയുടെ ആചാരാനുഷ്ഠാനങ്ങൾ അവർ ചെയ്യുന്നു. എന്നാൽ 'അകത്തെ'ക്കുറിച്ചു അവർ ഗൗരവമുള്ളവരല്ല. ആത്മീയത അഭിനയിച്ച് ജീവിച്ചാൽ അതിൽ ഹൃദയം കഠിനപ്പെട്ടു പോകും. പരീശന്മാർക്കും ശാസ്ത്രിമാർക്കും പറ്റിയത് അതാണ്.

നമ്മുടെ ആത്മീയ ജീവിതത്തെ നാം ഗൗരവമായി കാണണം. അഭിനയമാകരുത്, ആത്മാർത്ഥതയുള്ളതായിരിക്കണം. അഭിനയത്തിന് മനുഷ്യരുടെ കയ്യടി ലഭിക്കും. ആത്മാർത്ഥതയ്ക്ക് ദൈവത്തിന്റെ അംഗീകാരവും! നാമെല്ലാവരും നിനയ്ക്കാത്ത നേരത്ത് ഈ ലോകം വിട്ടു പോകേണ്ടി വരും, ക്രിസ്തുവിന്റെ ന്യായാസനത്തിനു മുൻപാകെ നിൽക്കുകയും കണക്കു ബോധിപ്പിക്കുകയും ചെയ്യേണ്ടവരാണെന്നത് നാം ഓർമ്മിക്കണം. സത്യസന്ധതയിൽ അടിസ്ഥാനമിട്ട ആത്മിക ജീവിതം നയിക്കുവാൻ നമുക്ക് ശ്രദ്ധയുള്ളവരാകാം. •

## ഉരുകി മാറുന്ന മഞ്ഞുകട്ട

***അവർ കല്ലെടുത്ത് ഒരു കൂമ്പരാമുണ്ടാക്കി. കൂമ്പാരത്തിന്മേൽ വച്ച് അവർ ഭക്ഷണം കഴിച്ചു. ലാബാൻ അതിന് 'യെഗർ-സാഹദൂഥ' (സാക്ഷ്യത്തിന്റെ കൂമ്പാരം) എന്ന് പേരിട്ടു. യാക്കോബ് അതിനു 'ഗലേദ്' എന്നു പേരിട്ടു (ഉല്പത്തി 31.46)***

യാക്കോബും തന്റെ അമ്മായപ്പനായ ലാബാനും തമ്മിലുള്ള നിയമ സംഭാഷണമാണ് വേദഭാഗം. ലാബാൻ ഗൃഹബിംബവും അന്യദൈവാരാധനയും ഉള്ള ആൾ. യാക്കോബ് ലാബാന്റെ സഹവാസത്തിൽ വർഷങ്ങളോളം പാർത്തു എങ്കിലും യഹോവാഭക്തനായി തുടർന്നു. സ്വന്തദേശത്തേയ്ക്കു മടങ്ങിയ യാക്കോബിന്റെ പിന്നാലെ ഭീഷണികളുമായി എത്തിയ ലാബാനുമായി യാക്കോബ് ഉണ്ടാക്കിയ ഉടമ്പടിയുടെ സാക്ഷ്യമായ കല്ക്കൂമ്പാരത്തിന് ഇരുവരും രണ്ടു പേരുകളാണ് വിളിച്ചത്. രണ്ടു പേരിനും മലയാള പരിഭാഷയിൽ 'സാക്ഷ്യത്തിന്റെ കൂമ്പാരം' എന്ന ഒരേ അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. യെഗർ എന്നതിന് കല്ലു കൂമ്പാരം എന്നും ഗലേദ് എന്ന വാക്കിന് ഹിമക്കട്ട എന്നുമാണ് ശരിയായ അർത്ഥം (അരാമ്യ-ഇംഗ്ലീഷ് മഹാ നിഘണ്ഡു). ലാബാനും ലോകവും, ഭക്തനെതിരെ നിലനിൽക്കുന്ന കല്ക്കൂമ്പാരമായി കാണുന്നതിനെ, ഉരുകി മാറുന്ന മഞ്ഞുകട്ടയായേ യാക്കോബിനു പേർവിളിക്കാൻ തോന്നുന്നുള്ളൂ. ഇത്തരത്തിലുള്ള കാഴ്ചപ്പാട് നമുക്കും വേണം. യാക്കോബിനെതിരെ ദുഷ്ക്കർമം ചെയ്യാൻ ശക്തിയുണ്ടെന്ന് ലാബാൻ അവകാശപ്പെടുന്നു, എന്നാൽ അവനെ തടയുവാൻ ശക്തനായിരുന്നു യാക്കോബിന്റെ ദൈവം. പർവ്വത സമാനമായ ഏതു കഠിന പ്രതിസന്ധിയുടെയും പരിസമാപ്തി, ദൈവത്തിലാശ്രയിക്കയും പരിഹാരത്തിനായി കർതൃകരങ്ങളിൽ സമർപ്പിക്കയും ചെയ്യുന്ന ദൈവപൈതലിനു ഉരുകിമാറുന്ന മഞ്ഞുകട്ടയ്ക്കു സമാനമായിരിക്കും. •

എന്നോടു പറയുമ്പോൾ അവരുടെ പ്രശ്നങ്ങൾ പലപ്പോഴും എന്നോടു പങ്കുവെയ്ക്കാറുണ്ട്. ഒരുപക്ഷെ രോഗിയായ അവരുടെ മാതാവിനെപ്പറ്റി, അല്ലെങ്കിൽ വിവാഹത്തകർച്ചയിലെത്തി നില്ക്കുന്ന അവരുടെ സഹോദരങ്ങളെപ്പറ്റി...അപ്പോൾ ഞാൻ പറയുന്നു: സാരമില്ല നമുക്ക് അവരുടെ വീട്ടിലെത്തി അവരോടുകൂടെ അല്പം സമയം ചെലവഴിക്കാം. ചിലപ്പോഴെങ്കിലും സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന അവരുടെ സുഹൃത്തുക്കളെപ്പറ്റി അവർ എന്നോടു പറയുന്നു! 'സാരമില്ല, നമുക്ക് അവരെ സഹായിക്കാം' എന്നു ഞാൻ പറയുമ്പോൾ അവർക്ക് സന്തോഷമായി...

നോക്കു... അവരുടെ സുഹൃത്തുക്കളെ സഹായിക്കാൻ എന്റെ മക്കൾക്ക് സ്വയം കഴിവില്ല. എന്നാൽ അവരുടെ പിതാവിന് അതു കഴിയുമെന്ന് അവർ ചിന്തിക്കുന്നു... അവരുടെ നിസ്സഹായത അവർ പിതാവിന്റെ മുമ്പിൽ തുറന്നു വെയ്ക്കുന്നു...

മറ്റുള്ളവർക്കുവേണ്ടിയുള്ള എന്റെ പ്രാർത്ഥനയുടെ കാര്യത്തിലും ഇതുതന്നെയാണു സംഭവിക്കുന്നത്! എന്റെ ചുറ്റുമുള്ള നിസ്സഹായരായ മനുഷ്യരെ കാണുമ്പോൾ എന്റെ മനസ്സുരുകുന്നു...എനിക്ക് അവരെ സഹായിക്കണമെന്നുണ്ട്, എന്നാൽ എനിക്കെന്തു ചെയ്യാൻ കഴിയും?

എന്റെ അയൽപക്കത്തെ ക്യാൻസർ രോഗി എന്റെ മനസ്സിന്റെ വേദനയാണ്... എന്നാൽ എനിക്കയാളെ സൗഖ്യമാക്കാൻ കഴിയില്ല. ബിസിനസ്സ് തകർന്ന് ആത്മഹത്യയ്ക്കൊരുങ്ങുന്ന എന്റെ സുഹൃത്ത് എന്റെ വേദനയാണ്. എന്നാൽ അയാളുടെ കടം കൊടുത്തുവീട്ടാനുള്ള കഴിവ് എനിക്കില്ല! വേർപിരിയാനൊരുങ്ങി നില്ക്കുന്ന ഭാര്യാഭർത്താക്കന്മാർ...മത്സരികളായ മക്കൾ നിമിത്തം ജിവിതം തകർന്ന മാതാപിതാക്കൾ... മദ്യപാനിയായ ഭർത്താവ് ഭീതി നിറച്ച ഭാര്യ... ജോലിയില്ലാതെ നട്ടംതിരിയുന്ന യുവാവ്... ജോലിയുണ്ടായിട്ട് ശമ്പളം കിട്ടാതെ പട്ടിണി കയറിയ കുടുംബങ്ങൾ! എനിക്കെന്തു ചെയ്യാൻ കഴിയും? നിസ്സഹായനാണു ഞാൻ...എന്നാൽ എനിക്ക് അവർക്കുവേണ്ടി പ്രാർത്ഥിക്കാൻ കഴിയും!

എന്റെ നിസ്സഹായതയുമായി, എന്റെ സുഹൃത്തുക്കളുടെ, ചുറ്റുമുള്ളവരുടെ വേദനയുമായി എനിക്ക് എന്റെ സ്വർഗ്ഗസ്ഥപിതാവിന്റെ സന്നിധിയിലേക്ക് ചെന്നുകയറുവാൻ കഴിയും. അവിടുന്ന് എന്നെ ആട്ടിപ്പായിക്കുകയില്ല! അവിടുന്ന് മനസ്സലിവുള്ളവനാണ്. എന്റെ ഓരോ അപേക്ഷ

**സുഹൃത്തുക്കളെ സഹായിക്കാൻ എന്റെ മക്കൾക്ക് സ്വയം കഴിവില്ല. എന്നാലവരുടെ പിതാവിന് അതു കഴിയുമെന്ന് അവർ ചിന്തിക്കുന്നു... അവരുടെ നിസ്സഹായത അവർ പിതാവിന്റെ മുമ്പിൽ തുറന്നു വെയ്ക്കുന്നു...**

കളെയും അവൻ വളരെ ഗൗരവമായെടുക്കുന്നു... ഞാൻ നിസ്സഹായനാണ്. എന്നാൽ എന്റെ യേശു അങ്ങനെയല്ല, അവന് സഹായിക്കാൻ കഴിയും, അവൻ സഹായിക്കും! എന്നാൽ, മുകളിൽ പറഞ്ഞതെല്ലാം ജീവിതത്തിൽ പ്രത്യക്ഷമായി പ്രതിസന്ധിയിൽ പെട്ടവരാണ്... രോഗികൾ, കടക്കാർ, പീഡിതർ, കുടുംബബന്ധം തകർന്നവർ... എന്നാൽ സമൂഹത്തിലെല്ലാവരും അങ്ങനെയുള്ളവരല്ലല്ലോ! എന്റെ ചുറ്റുമുള്ള മിക്കവാറും എന്നെക്കാൾ സാമ്പത്തിക മേന്മയുള്ളവരും എന്നെക്കാൾ ആരോഗ്യമുള്ളവരും, നമ്മുടെ ഭാഷയിൽ 'നല്ലനില'യിൽ കഴിയുന്നവരുമാണ്! അവരെക്കുറിച്ചുള്ള എന്തു 'വേദന' യാണ് ഞാൻ ദൈവസന്നിധിയിൽ പങ്കുവെയ്ക്കേണ്ടത്?

ഇവിടെയാണ് നാം കാര്യങ്ങളെ 'ആഴത്തിൽ കാണേണ്ടത്! പുറമെ സമൃദ്ധിയിൽ കഴിയുന്ന പലരും ദൈവവുമായുള്ള ബന്ധം നഷ്ടപ്പെട്ടവരാണ്. അവർ യേശുവിലൂടെയുള്ള വീണ്ടെടുപ്പു പ്രാപിച്ചവരല്ല! അവർ യാത്രചെയ്യുന്നത് നരകത്തിലേക്കാണ്! ഏറ്റവും വലിയ ദുരന്തം, അവർ അത് അറിയുന്നില്ല എന്നതാണ്! ഒരുപക്ഷെ ഇക്കൂട്ടർ 'രാജാക്കന്മാരും അധികാരസ്ഥരും' (1 തിമൊഥെയോസ് 2: 2) ആയിരുന്നേക്കാം! അവർ രാജകൊട്ടാരത്തിൽ കഴിയുന്നവരാണ്...എനിക്ക് അവരുടെ ഓഫീസിലേക്ക് കയറാൻ പോലുമുള്ള സ്വാതന്ത്ര്യമില്ല...എന്നാൽ എനിക്ക് യേശുവിലൂടെ ദൈവത്തിന്റെ സാന്നിധ്യത്തിലേക്ക് പ്രവേശിക്കാം. അവർക്ക് അതിനുള്ള സ്വാതന്ത്ര്യമില്ലാത്തവരാണ്!

ഈ ലോകത്തിന്റെ തടവുകാരാണവർ! ആത്മീയസ്വാതന്ത്ര്യത്തെപ്പറ്റി അജ്ഞതയിൽ കഴിയുന്ന 'രാജാക്കന്മാരും ഭരണാധികാരികളുമാണ് യഥാർത്ഥത്തിൽ പീഡിതരും ബന്ധിതരും'. അവരുടെ ഈ പാരതന്ത്ര്യം എന്റെ വേദനയാണ്! അതുകൊണ്ട് 'രാജാക്കന്മാർക്കും അധികാരസ്ഥർക്കും വേണ്ടി' പ്രാർത്ഥിക്കുമ്പോൾ ഞാൻ ആദ്യം പ്രാർത്ഥിക്കുന്നത് അവർ രക്ഷപ്രാപിക്കുവാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനുമാണ് (1 തിമൊഥെയോസ് 2: 4). കാരണം, അവരെ രക്ഷിക്കാൻ വേറെ ദൈവമില്ലല്ലോ... ദൈവസന്നിധിയിലേക്ക് അവരെ പ്രവേശിപ്പിക്കാൻ എന്റെ യേശുവൊഴികെ വേറൊരു മദ്ധ്യസ്ഥനുമില്ലല്ലോ... (1 തിമൊഥെയോസ് 2: 5)!

**ആദ്യം പ്രാർത്ഥിക്കുന്നത് അവർ രക്ഷപ്രാപിക്കുവാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനുമാണ്. കാരണം, അവരെ രക്ഷിക്കാൻ വേറെ ദൈവമില്ലല്ലോ... ദൈവസന്നിധിയിലേക്ക് അവരെ പ്രവേശിപ്പിക്കാൻ എന്റെ യേശുവൊഴികെ വേറൊരു മദ്ധ്യസ്ഥനുമില്ലല്ലോ...**

റോമൻ സാമ്രാജ്യത്വ പശ്ചാത്തലത്തിൽ ഈ ഭാഗം മനസ്സിലാക്കണം. അന്ന് റോമൻ ചക്രവർത്തിയുടെ കല്പന എല്ലാവരും ചക്രവർത്തിയോടു പ്രാർത്ഥിക്കണം എന്നായിരുന്നു (സീസർ, ദൈവത്തിന്റെ പ്രതിനിധിയാണ് എന്നായിരുന്നു വെയ്പ്പ്!). ബഹുദൈവവിശ്വാസികളായിരുന്ന വിജാതീയർക്ക് ചക്രവർത്തിയോടു പ്രാർത്ഥിക്കാൻ ബുദ്ധിമുട്ടില്ലായിരുന്നു... എന്നാൽ, ഏക സത്യദൈവ വിശ്വാസികളായിരുന്ന യഹൂദർ അതിനു തയ്യാറായില്ല. ഒടുവിൽ യഹൂദർ ചക്രവർത്തിയോടു പ്രാർത്ഥിക്കുന്നതിനുപകരം ചക്രവർത്തിക്കു വേണ്ടി പ്രാർത്ഥിച്ചാൽ മതിയെന്ന് ഒത്തുതീർപ്പായി.

എന്നാൽ, യഹൂദർ പലരും ക്രിസ്ത്യാനികളായപ്പോൾ വീണ്ടും ആശയക്കുഴപ്പമുണ്ടായി... ക്രിസ്ത്യാനികൾ ചക്രവർത്തിക്കുവേണ്ടി പ്രാർത്ഥിക്കണമോ...പൗലോസ് പറയുന്നു...നാം സകലമനുഷ്യർക്കും വേണ്ടി പ്രാർത്ഥിക്കണം... അപ്പോൾ തീർച്ചയായും ഭരണാധികാരികളും അതിൽപ്പെടും! എല്ലാവരും രക്ഷിക്കപ്പെടണം- ഭരണാധികാരികളും രക്ഷിക്കപ്പെടണം! എന്നാൽ ഭരണാധികാരികളുടെ കാര്യത്തിൽ അതോടു ചേർന്ന് ഒരു പ്രാർത്ഥനയും കൂടെയുണ്ട് സാവധാനതയും സ്വസ്ഥതയുമുള്ള ജീവിതം (tranquil and quiet life) അനിവാര്യമാണ്. അതിനു യോജിക്കുന്ന ഒരു ഭരണം നടത്താൻ അവർക്കു കഴിയണം!

സകലമനുഷ്യരും രക്ഷിക്കപ്പെടണമെന്നാണു നമ്മുടെ പ്രാർത്ഥന - ഭരണാധികാരികളുൾപ്പെടെ! എന്നാൽ ഭരണാധികാരികൾ അധാർമ്മികരും അനീതിയുള്ളവരുമാണെങ്കിൽ സഭയ്ക്കും സമൂഹത്തിനും സ്വസ്ഥതയുണ്ടാവില്ല. ക്രൂരന്മാരായ ഏകാധിപതികൾ ഭരിക്കുന്ന പല രാജ്യങ്ങളും ഇന്നു ലോകത്തിലുണ്ട്. മതതീവ്രവാദികൾ ഭരിക്കുന്ന പല രാജ്യങ്ങളുണ്ട്. മതനിഷേധികൾ ഭരിക്കുന്ന രാജ്യങ്ങളുണ്ട്. അവിടെയൊന്നും സഭകൾക്കോ ജനങ്ങൾക്കോ സ്വസ്ഥതയും സാവധാനതയുമില്ല! ആ ഭരണാധികാരികൾക്കു വേണ്ടി, രാജ്യങ്ങൾക്കു വേണ്ടിയുള്ള നിരന്തര പ്രാർത്ഥന എന്റെ ഉത്തരവാദിത്തമാണ്!

പ്രാർത്ഥന അനിവാര്യമാണ്.... എന്നാൽ പ്രഘോഷണവും അനിവാര്യം തന്നെ. അതിനാലാണ് പൗലോസ് പറയുന്നത്, 'ദൈവം ഒരുവൻ, ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ- എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ യേശുക്രിസ്തു (1 തിമൊഥെയോസ് 2:5,6). ഈ വിശ്വാസവും സത്യവും ജാതികളെ തക്കസമയത്ത് ഉപദേശിപ്പാൻ ദൈവം എന്നെ പ്രസംഗിയും അപ്പോസ്തലനുമായി നിയമിച്ചിരിക്കുന്നു (1 തിമൊഥെയോസ് 2:7). പ്രാർത്ഥനയും പ്രഘോഷണവും കൈകോർത്തുള്ള ഒരു ജീവിതം! അതാണിന്ന് അനിവാര്യം!

നമ്മുടെ കൊച്ചുലോകത്തിന്റെ വിശേഷങ്ങളുമായി ദൈവസന്നിധിയിലേക്കു അടുത്തുവരുമ്പോൾ നമ്മെ കേൾക്കുവാൻ ദൈവം ചെവിയോർക്കുന്നത് അത്ഭുതം തന്നെ! ചുറ്റുമുള്ളവരുടെ വേദനയും നിസ്സഹായതയുമായി അവിടുത്തെ സന്നിധി അണയുമ്പോൾ തീർച്ചയായും മനസ്സലിവുള്ള നമ്മുടെ ദൈവം നമ്മെ സഹായിച്ചിരിക്കും. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ ●

# ക്ഷണിച്ചുവരുത്തുന്ന ദുരന്തങ്ങൾ

സാങ്കേതികവിദ്യയിലെ പിഴവോ മാനുഷികപ്പിഴവോ മൂലം സംഭവിക്കുന്ന ദുരന്തങ്ങളെ മനുഷ്യനിർമ്മിതമായ ദുരന്തങ്ങളായി കണക്കാക്കാം. തിക്കിലും തിരക്കിലും പെട്ടുള്ള മരണങ്ങൾ, തീപിടിത്തം, വാഹനാപകടങ്ങൾ, വ്യാവസായിക അപകടങ്ങൾ, ആണവ സ്ഫോടനങ്ങൾ, ആണവ വികിരണം, യുദ്ധങ്ങൾ, മറ്റ് ആക്രമണങ്ങൾ എന്നിവയൊക്കെ ക്ഷണിച്ചു വരുത്തുന്ന ദുരന്തങ്ങളാണ്. പ്രകൃതിദുരന്തങ്ങൾ കാരണം പലതരം ദുരിതങ്ങൾ അതിനു തുടർച്ചയായി ഉണ്ടാകുന്നുണ്ട്. അവ വരുത്തുന്ന നാശത്തോടൊപ്പം സാമ്പത്തിക ബുദ്ധിമുട്ടുകൾ, പട്ടിണി, രോഗം, പലായനം, അനാഥത്വം എന്നിവയൊക്കെ വരുന്നു എന്നതും തിരിച്ചറിയണം. എല്ലാ ദുരന്തങ്ങളും ഒഴിവാക്കാൻ സാധിക്കില്ല. പക്ഷേ ചില ദുരന്തങ്ങൾ ഉണ്ടാകാതിരിക്കാൻ മുൻകരുതൽ മാത്രം മതിയാകും.

സമീപകാലത്ത് കോട്ടയം മെഡിക്കൽകോളേജ് ക്യാമ്പസ്സിൽ തകർന്നുവീണ കെട്ടിടത്തിനിടയിൽപ്പെട്ട് ഒരു വീട്ടമ്മ മരിക്കാനിടയായത് ക്ഷണിച്ചു വരുത്തിയ ദുരന്തമാണ്. സ്കൂളിൽ കളിക്കുന്നതിനിടെ ഒരു വിദ്യാർഥി ഷോക്കേറ്റ് മരിച്ച സംഭവവും നിരുത്തരവാദിത്തപരമായ അശ്രദ്ധ മൂലമുണ്ടായ ദുരന്തം തന്നെ. വാസയോഗ്യമല്ലാത്ത ഫ്ളാറ്റുകളിൽ താമസിക്കുന്നതും ദുരന്തത്തെ ക്ഷണിച്ചു വരുത്തലാണ്. കർണാടകത്തിലെ ഷിരൂരിൽ മലയിടിഞ്ഞ് ഗംഗാവാലി പുഴയിലേക്ക് ആളുകളടക്കം ലോറികൾ കൂപ്പുകുത്തിയ ദുരന്തത്തിനു കാരണം അശാസ്ത്രീയ റോഡ് നിർമ്മാണമായിരുന്നു. എല്ലായിടത്തും സർക്കാർ സംവിധാനങ്ങൾക്കു നിരന്തര നിരീക്ഷണം നടത്താൻ സാധിക്കില്ല. അതിന് ജനങ്ങളുടെ സഹായസഹകരണവും ആവശ്യമുണ്ട്.

പരിസ്ഥിതി മലിനീകരണം കൊണ്ട് വലിയ ദുരന്തമാണ് പ്രകൃതിക്കും മനുഷ്യനും ഉണ്ടാകുന്നത്. രോഗവ്യാപനം മുതൽ എന്തെല്ലാമാണുണ്ടാകുക എന്നു പ്രവചിക്കുക പോലും അസാധ്യം. വ്യവസായശാലകളിൽ നിന്നുള്ള മാലിന്യം നദികളിൽ ഒഴുക്കുന്നതും പ്ലാസ്റ്റിക് അനിയന്ത്രിതമായി ഉപയോഗിക്കുന്നതും പരിസ്ഥിതിയെ ദോഷകരമാക്കി കുടിവെള്ളത്തിന്റെ ലഭ്യതയെപ്പോലും പ്രതികൂലമായി ബാധിക്കുന്നു. ഇതൊക്കെ വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, മത്സ്യസമ്പത്തിന്റെ നാശം പോലുള്ള ദുരന്തങ്ങളിലേക്ക് നയിക്കുന്നു. വായുമലിനീകരണം മനുഷ്യന്റെ സ്വൈര്യജീവിതത്തെ തന്നെ ബാധിക്കുന്നു. വാഹനങ്ങളിൽ നിന്നും വ്യവസായശാലകളിൽ നിന്നും പറത്തുവിടുന്ന വിഷപ്പുക അതിലേറെ പ്രശ്നമാണ്. അനിയന്ത്രിതമായ വന നശീകരണം വന സമ്പത്ത് ഇല്ലാതാക്കി. അതുമൂലം വലിയ പ്രതിസന്ധിയിലാണ് മനുഷ്യൻ ഇപ്പോൾ. കുടിവെള്ള ക്ഷാമം മുതൽ കടുവ, പുലി, ആന, കാട്ടുപോത്ത്, കാട്ടുപന്നി പോലെയുള്ള വന്യമൃഗങ്ങൾ നാട്ടിലിറങ്ങി വിലസുന്നതു വരെ എന്തെല്ലാം ദുരിതങ്ങളാണ് ജനങ്ങൾ അനുഭവിക്കുന്നത്. മനുഷ്യജീവന് യാതൊരു വിലയും നല്കാത്തതിനാലല്ലേ തെരുവു നായ്ക്കൾ കണക്കെന്യേ പെരുകുവാൻ അനുവദിക്കുന്നത്. ദുരന്തങ്ങളെപ്പോലും ധനസമ്പാദനമാർഗ്ഗമാക്കുന്ന ദുസ്ഥിതി നിലവിലില്ലേ?

മനുഷ്യനിർമ്മിതമായ പല ദുരന്തങ്ങളും മുൻകൂട്ടിയുള്ള കൃത്യമായ ആസൂത്രണങ്ങളിലൂടെ തടയാം. ശാസ്ത്രീയ അടിത്തറ അതിനാവശ്യമാണ്. പക്ഷേ, എല്ലാ ദുരന്തങ്ങളും തടയാൻ സാധിക്കില്ല. പല ദുരന്തങ്ങളും ഒഴിവാക്കാമായിരുന്നു എന്ന് ദുരന്തശേഷം പലപ്പോഴും പറയാറുണ്ടല്ലോ. ദുരന്തം സംഭവിക്കുന്നതിന് മുമ്പ് പരിഹാരം കാണുകയാണെങ്കിൽ അത് എത്രയോ ജീവനുകൾ രക്ഷിക്കും. ചില ദുരന്തങ്ങൾ നമുക്ക് മുൻകൂട്ടി കാണാൻ സാധിക്കും. ആ ദുരന്തങ്ങളെങ്കിലും തടഞ്ഞ് നാം പ്രകൃതിസംരക്ഷകരാകേണ്ടതും, അതിനായി പ്രയത്നിക്കേണ്ടതുമുണ്ട്. എല്ലാ മനുഷ്യരും ജാഗ്രത പുലർത്തേണ്ടതുണ്ട്. ആ ജാഗ്രത നമ്മുടെയും മറ്റു പലരുടെയും വിലപ്പെട്ട ജീവൻ രക്ഷിക്കാൻ കാരണമാകും. •

# ഫലകരമായ ദൈവരാജ്യദൗത്യം

പ്രേഷിത ദൗത്യനിർവ്വഹണത്തിന് പലയിടത്തും തടസ്സങ്ങളും പ്രതികൂലങ്ങളും നേരിടുന്ന ഒരു കാലമാണിത്. ഇന്ത്യയിലും ലോകത്തെ വിവിധ രാജ്യങ്ങളിലും ഇത് വർദ്ധിച്ചുവരുന്നു. എന്നാൽ എതിർപ്പുകൾ കണ്ട് പകച്ചുപോകാതെ യഥാർത്ഥ സുവിശേഷീകരണ ദൗത്യയാത്രയിൽ നാം മുന്നോട്ട് പോയാൽ പ്രതിസന്ധികൾ ഒക്കെ പുതിയ പദ്ധതികളിലേക്ക് നയിക്കുവാൻ പ്രചോദനമാകും എന്നതിന് സംശയമില്ല. ബാഹ്യമായ സുവിശേഷ വിരുദ്ധരുടെ വെല്ലുവിളികളേക്കാൾ സഭയ്ക്കുള്ളിലെ പടലപ്പിണക്കങ്ങളും ദൗത്യം മറന്ന ചർച്ച് ആക്ടിവിറ്റികളും ആണ് വാസ്തവത്തിലുള്ള ക്രൂശിന്റെ ശത്രുക്കൾ എന്നു നാം തിരിച്ചറിയേണ്ടതുണ്ട്.

വല്ലപ്പോഴും ഒക്കെ ചെയ്യുന്ന പരസ്യയോഗങ്ങളും കൺവെൻഷനുകളും ട്രാക്ട്വിതരണവും മാത്രമാണ് സുവിശേഷവേല എന്ന നമ്മുടെ അബദ്ധധാരണയാണ് സുവിശേഷീകരണ ദൗത്യം രാജ്യത്ത് ഫലം പുറപ്പെടുവിക്കാൻ കഴിയാതെ പോയതിന്റെ പ്രധാന കാരണമെന്ന് പറയേണ്ടിയിരിക്കുന്നു. നിങ്ങൾ എന്റെ സാക്ഷികൾ ആകുവിൻ, ഫലം പുറപ്പെടുവിച്ച് എന്റെ ശിഷ്യന്മാരാകുവിൻ, വേലക്കാരെ അയയ്ക്കേണ്ടതിന് കൊയ്ത്തിന്റെ യജമാനനോട് പ്രാർത്ഥിക്കുവിൻ തുടങ്ങിയ രക്ഷാനായകനായ കർത്താവിന്റെ നിയോഗങ്ങൾ മനസ്സോടെ മറന്നതിന്റെ ഫലമായാണ് നമ്മുടെ ഇടയിലെ സുവിശേഷവേലകൾ ഫലരഹിതമാകുന്നത്. ഏതുകാലത്തും ഫലം കായിച്ച് ക്രിസ്തുവിന്റെ സ്വഭാവം വെളിപ്പെടുത്തി, രക്ഷിക്കപ്പെടുന്നവരുടെ ഇടയിലും നശിച്ചു പോകുന്നവരുടെ ഇടയിലും ക്രിസ്തുവിന്റെ സൗരഭ്യം ആകുമ്പോൾ മാത്രമേ നാം യഥാർത്ഥ സുവിശേഷവേലയുടെ ഭാഗമായി മാറുകയുള്ളൂ.

സമസൃഷ്ടങ്ങളെ സ്നേഹിച്ച് സമൂഹത്തിനു വേണ്ടിയും അധികാരസ്ഥന്മാർക്ക് വേണ്ടിയും യാചനയും പ്രാർത്ഥനയും പക്ഷവാദവും സ്തോത്രവും ചെയ്യുന്നതും പ്രേഷിതദൗത്യത്തിന്റെ പ്രാഥമിക ഉത്തരവാദിത്തമാണെന്ന് പൗലോസ് ഓർമ്മിപ്പിക്കുന്നത് ഇത്തരുണത്തിൽ പ്രസക്തം തന്നെ (1 തിമൊ. 2:1). ഒരുമനസ്സോടെയുള്ള മധ്യസ്ഥതയുടെയും പ്രാർത്ഥനയുടെയും കൂട്ടായ്മയുടെയും ശുശ്രൂഷാവഴിയിലൂടെ മാത്രമേ വ്യക്തികളെ യേശുക്രിസ്തുവിന്റെ അൾത്താരയിലേക്ക് നമുക്ക് കൊണ്ടുവരുവാൻ കഴിയൂ.

അതെ, ഇടയനില്ലാത്ത ആടുകളെപ്പോലെ ചിന്നിയവരും ചിതറിയവരുമായ പുരുഷാരത്തെ കണ്ട് അരുമനാഥൻ മനസ്സലിഞ്ഞതുപോലെ, ഇന്ത്യയിലെ ജനകോടികളുടെ അവസ്ഥ മനസ്സിലാക്കി, അവരെ സ്നേഹിച്ച്, നന്മ സുവിശേഷിക്കാൻ കഴിഞ്ഞാൽ അതെത്ര ഫലകരമാണ്?

–എംസി


Bank Account Details:
Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315
SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ 250 രൂപ

QR കോഡ് സ്കാൻ ചെയ്തു Google Pay / PhonePe ചെയ്യാവുന്നതാണ്.

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.

RNI No. KERMAL/2012/46138
Date of Publishing 10.09.2025

NERVEEDHI SEPTEMBER 2025
Annual Subscription ₹ 250.00
(Per copy ₹ 25.00)

Postal Registration No.
KL/KTM/150/2023-2025

ആർ.പി
പബ്ലിക്കേഷൻസിൽ നിന്നും

ഇപ്പോൾ ലഭ്യമാണ്




മരിക്കുമ്പോൾ എന്തു സംഭവിക്കുന്നു? മരിച്ചവർ എങ്ങോട്ടു പോകുന്നു? ആശങ്ക വർധിപ്പിക്കുന്ന അനുമാനങ്ങളും ധാരണകളുമാണ് ലോകത്തിലെ ചിന്തകന്മാർ നൽകുന്ന മറുപടി എന്നാൽ തിരുവചനം ഈ ചോദ്യങ്ങൾക്കു വ്യക്തമായ മറുപടി നല്കുന്നു. വചനത്തിലുടനീളം ഈ അറിവുകൾ വിലപ്പെട്ട മുത്തുകളായി ചിതറിക്കിടക്കുന്നു. അവയെ തിരഞ്ഞു കണ്ടെടുത്ത് ചിട്ടപ്പെടുത്തിയ പഠനങ്ങളാക്കി നല്കിയിരിക്കുന്ന ആത്മിക പഠന ഗ്രന്ഥമാണ് **പ്രത്യാശ മരണത്തിനപ്പുറം.** ഈ പുസ്തകം ശ്രദ്ധയോടെ വായിച്ചാൽ അറിവു മാത്രമല്ല നിത്യതയ്ക്കായി ഒരുങ്ങാനുള്ള പ്രേരണയും ലഭിക്കും എന്നതു സുനിശ്ചിതമാണ്. പ്രിയപ്പെട്ടവരുടെ മരണം വരുത്തിയ മുറിവുകൾ ഉണങ്ങാനുള്ള ഔഷധമായും ഇതിലെ പ്രത്യാശാ വചനങ്ങൾ ഫലകരമായിത്തീരും അനുഗ്രഹീത ദൈവദാസൻ ജോയ് എം. തോമസ് എഴുതിയ ഈ ഗ്രന്ഥം.

SOUTH INDIAN Bank
RIGHTEOUS PATH PUBLICATION TRUST
Vpa Id:qr.nerveedhi@sib
Scan and Pay using any UPI App

എല്ലാ വിലകളും
പോസ്റ്റേജ് ഉൾപ്പെടെ...
കൂടുതൽ വിവരങ്ങൾക്ക് :
Mob: 9495435336, 8547916678

*Address for Communication :*
*NERVEEDHI,*
*Righteous Path Publication Trust*
*Mackal Building,*
*Oravakal, Amayannoor (P.O),*
*Kottayam, Kerala - 686019*
*Mob: 9495435336, 8547916678*
*www.nerveedhi.com*

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.